പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

* നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 121 — 15.09.2009-ൽ മറുപടിക്ക്

# തൊഴിലപകട നഷ്ടപരിഹാരം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. എം. ഹംസ<br>ശ്രീ. കെ. വി. കുഞ്ഞിരാമൻ<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ<br>ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) തൊഴിലപകട നഷ്ടപരിഹാര കോടതിയിൽ കേസുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) & (ബി) | തൊഴിലപകട നഷ്ടപരിഹാര കോടതിയിൽ ഫയൽ ചെയ്യപ്പെടുന്ന പുതിയ കേസ്സുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടില്ല. എന്നാൽ പഴയ കേസ്സുകൾ തീർപ്പാക്കുന്നതിലുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില ജില്ലകളിൽ ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരുടെ തസ്തിക ഈ കാലത്ത് ഒഴിഞ്ഞുകിടന്നതു കാരണമാണ് കേസ്സുകൾ തീർപ്പാക്കുന്നതിൽ കാലതാമസം ഉണ്ടായത്. ജില്ലാ ലേബർ ആഫീസർ തസ്തികയിൽ പ്രൊബേഷൻ പൂർത്തിയാക്കിയവർ ആവശ്യത്തിന് തികയാതെ വന്നതു മൂലം ഡെപ്യൂട്ടി ലേബർ കമ്മീഷണർ തസ്തിക നികത്താൻ യഥാസമയം കഴിഞ്ഞില്ല. |
| (സി) കോടതി ആഴ്ചയിൽ എത്ര ദിവസമാണ് പ്രവർത്തിക്കുന്നത്; | (സി) | കോടതി ആഴ്ചയിൽ രണ്ടു ദിവസം ആസ്ഥാനത്തും മാസത്തിൽ രണ്ടു ദിവസം ക്യാമ്പിലും പ്രവർത്തിക്കുന്നു. |
| (ഡി) കോടതിയുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥന് മറ്റ് അധിക ചുമതലകൾ നൽകുന്നതു മൂലം കോടതി പ്രവർത്തനം തടസ്സപ്പെടുന്നതു തടയാൻ നടപടി സ്വീകരിക്കുമോ; | (ഡി) | അധിക ചുമതല നൽകുന്നതു മൂലം കോടതി പ്രവർത്തനം തടസ്സപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) തൊഴിലപകടങ്ങളിൽപ്പെട്ട് തൊഴിൽ ചെയ്യാൻ കഴിയാതായവർക്ക് ലഭിക്കേണ്ട നഷ്ടപരിഹാരം കാലവിളംബമില്ലാതെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | കാലവിളംബം ഒഴിവാക്കുന്നതിനായി നിലവിൽ കോടതി പ്രവർത്തിക്കുന്ന ദിവസങ്ങൾക്കു പുറമേ ആഴ്ചയിൽ ഒരു ദിവസം കൂടി അധികമായി പ്രവർത്തിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 122 — 15/09/2009 - ൽ മറുപടിക്ക്

### സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ടി.ജലീൽ<br>ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. ടി.പി.കുഞ്ഞുണ്ണി | എ. കെ. ബാലൻ<br>(പട്ടികസമുദായ ക്ഷേമവും<br>വൈദ്യുതിയും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | വൈദ്യുതി ശൃംഖല ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വൈദ്യുതി ബോർഡ് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (എ) | പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു പ്രസരണ മാസ്റ്റർ പ്ലാൻ തയ്യാറാക്കി, അതിന്റെ അടിസ്ഥാനത്തിൽ 206 സബ്സ്റ്റേഷനുകൾ 2011-12 ഓടെ പൂർത്തിയാക്കാനുള്ള നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി 2006-07 മുതൽ ഇതുവരെ 59 സബ്സ്റ്റേഷനുകൾ പൂർത്തീകരിച്ചു. ഇതിൽ മൂന്ന് 220 കെ.വി, ഒമ്പത് 110 കെ.വി, നാല് 66 കെ.വി, നാൽപത്തിമൂന്ന് 33 കെ.വി സബ്സ്റ്റേഷനുകളാണുള്ളത്. ഇതിനോടനുബന്ധിച്ച് 10.26 കി.മീ 220 കെ.വി ലൈൻ, 106 കി.മീ 110 കെ.വി ലൈൻ, 477.481 കി.മീ 33 കെ.വി ലൈൻ എന്നിവ നിർമ്മിച്ചു. ഇതു കൂടാതെ 9727 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും പുതുതായി സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | എത്ര കിലോമീറ്റർ 11 കെ.വി ലൈനും എൽടി ലൈനും കൂടുതലായി സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആകെ 7067 കി.മീ 11 കെ.വി ലൈനും 25021 കി.മീ എൽ.ടി ലൈനും കൂടുതലായി സ്ഥാപിച്ചിട്ടുണ്ട്. |
| (സി) | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ലക്ഷ്യമിട്ട് നടന്നുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (സി) | നിയോജക മണ്ഡലങ്ങളുടെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കുകയും എം.എൽ.എ ഫണ്ട്, എം.പി ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം, ഗ്രാന്റ്-ഇൻ-എയ്ഡ്, സർക്കാർ വകുപ്പുകളുടെ പ്രത്യേക പദ്ധതി ഫണ്ടുകൾ എന്നിവ ലഭ്യമാക്കി പണി ഏറ്റെടുക്കുകയുമാണ് ചെയ്യുന്നത്. എം.എൽ.എ മാരുടെ നേതൃത്വത്തിൽ തയ്യാറാക്കുന്ന മാസ്റ്റർ പ്ലാൻ അനുസരിച്ചാണ് ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നത്. എസ്റ്റിമേറ്റിന്റെ പകുതി തുക പരമാവധി 1 കോടി രൂപ വരെ കെ.എസ്.ഇ.ബിയുടെ |

| | | | |
|---|---|---|---|
| | | | നോർമൽ ഡവലപ്മെന്റ് ഫണ്ടിൽ നിന്നും വഹിക്കുന്നു. 10 മെഗാവാട്ടിലധികം വൈദ്യുതി ഉൽപാദിപ്പിക്കുന്ന ജല വൈദ്യുതി പദ്ധതികളുള്ള മണ്ഡലങ്ങളിൽ അക്കാര്യം കണക്കിലെടുത്ത് സമ്പൂർണ്ണ വൈദ്യുതീകരണത്തിന് കൂടുതൽ തുക അനുവദിക്കാനും കെ.എസ്.ഇ.ബി നിശ്ച യിച്ചിട്ടുണ്ട്. വിവിധ മണ്ഡലങ്ങളിലെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങളുടെ നിലവിലുള്ള സ്ഥിതി അനുബന്ധമായി നൽകുന്നു. |
| (ഡി) | ഏതൊക്കെ നിയോജക മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയായി? | (ഡി) | ഇരിങ്ങാലക്കുട, മങ്കട, കൊടകര, കുഴൽമന്ദം, തലശ്ശേരി, ആലപ്പുഴ, കല്ലൂപ്പാറ, കൊല്ലം, നാട്ടിക, ചേലക്കര, ഗുരുവായൂർ എന്നീ 11 നിയോജക മണ്ഡലങ്ങൾ സമ്പൂർണ്ണ വൈദ്യുതീകരണം കൈവരിച്ചു. |
| (ഇ) | വൈദ്യുതി ദുരുപയോഗം തടയുന്നതിനും വൈദ്യുതി ഉപഭോഗം കുറക്കുന്നതിനുമായ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ? | (ഇ) | വൈദ്യുതിയുടെ ദുരുപയോഗം കുറക്കുകയും തടയുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെ ദൃശ്യ മാധ്യമങ്ങൾ ഉൾപ്പെടെയുള്ള വിവിധ രീതികളിൽ പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വൈദ്യുതിയുടെ ഉപഭോഗം കുറക്കുന്നതിനുവേണ്ടി സാധാരണ ബൾബുകൾക്കുപകരം കാര്യക്ഷമത കൂടിയ സി.എഫ്.എൽ വിതരണം ചെയ്യുന്നതിനുള്ള ബൃഹത് പദ്ധതിയും നടപ്പാക്കിവരുന്നു. ഇതിന്റെ ഒന്നാം ഘട്ടമായി 10 ലക്ഷം സി.എഫ്,എൽ കൾ സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ വഴി തെരഞ്ഞെടുക്കപ്പെട്ട ഉപഭോക്താക്കൾക്ക് വിതരണം ചെയ്തുവരുന്നു. ഇതിന്റെ തുടർച്ചയായി കേരളത്തിലെ മുഴുവൻ ഗാർഹിക ഉപഭോക്താക്കൾക്കും കുറഞ്ഞ നിരക്കിൽ സി.എഫ്.എൽ ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

S. Shailaja
സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 123

15.09.2009 - ൽ മറുപടിക്ക്

## കയറുല്പന്നങ്ങളുടെ വിപണനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.എം. ദിനേശ് മണി<br>ശ്രീ. എം.കെ. പുരുഷോത്തമൻ<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. സി. കെ. സദാശിവൻ<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും വകുപ്പു മന്ത്രി) |
| (എ) ഓണക്കാലത്ത് കയറുല്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിയ്ക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) 'ഒരു വീട്ടിൽ ഒരു കയറുല്പന്നം' എന്ന പദ്ധതി ഈ ഓണക്കാലം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിത്തുടങ്ങി. ഈ പദ്ധതിയുടെ ആലോചനായോഗം 03.08.09 ൽ ആലപ്പുഴയിൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുകയും കയറുല്പന്നങ്ങൾ വിവിധ മേഖലകളിലുള്ള വില്പന കേന്ദ്രങ്ങൾ വഴി വിറ്റഴിക്കുന്ന ബൃഹത്തായ പരിപാടി ആസൂത്രണം ചെയ്യുകയും ചെയ്തു. കയർഫെഡ്, കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡ്, മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾ എന്നീ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾ ഈ ഓണക്കാലത്ത് പരമാവധി വിറ്റഴിക്കുന്നതിലേയ്ക്കായി ഓരോ സ്ഥാപനങ്ങൾക്കും ടാർജറ്റ് നിശ്ചയിച്ചു നൽകി. ഈ ഓണക്കാലത്ത് 10 കോടി രൂപയുടെ ഉല്പന്നങ്ങൾ എങ്കിലും വിറ്റഴിക്കണം എന്നതാണ് ലക്ഷ്യമിട്ടിട്ടുള്ളത്. അതാത് സ്ഥാപനങ്ങളുടെ വില്പന കേന്ദ്രങ്ങൾക്ക് പുറമേ ഓരോ സ്ഥാപന ങ്ങൾക്കും നിശ്ചയിച്ചു നൽകിയിട്ടുള്ള സഹകരണ സംഘങ്ങളുടെ വില്പന കേന്ദ്രങ്ങൾ മുഖാന്തിരവും, കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തിരവും, വില്പന കേന്ദ്രങ്ങൾ/ എക്സിബിഷനുകൾ സംഘടിപ്പിച്ചും പരമാവധി വില്പന നടത്തുന്നതിന് ലക്ഷ്യമിടുകയും 06.09.09 വരെ |

630.48 ലക്ഷം രൂപയുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുകയും ചെയ്തിട്ടുണ്ട്. വില്പന തുടരുകയാണ്. സെപ്റ്റംബർ 15 നകം ലക്ഷ്യം കവിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കയറുല്പന്നങ്ങളുടെ പ്രചാരണത്തിനായി ഓണ കാലയളവിൽ കേരളത്തിലെ പ്രമുഖ പത്രമാധ്യമങ്ങളിലും, ചാനലുകളിലും FM - ലും പരസ്യ പ്രചരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ ബ്രോഷറുകൾ, പോസ്റ്ററുകൾ മുഖാന്തിരവും, പ്രോത്സാഹന സമ്മാനങ്ങൾ നൽകുന്നതിന്റെ മുന്നോടിയായി 250 രൂപയ്ക്കു മുകളിലുള്ള ഓരോ വില്പനയ്ക്കും കൂപ്പണും നൽകിയിട്ടുണ്ട്.

(ബി) സഹകരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ആരംഭിച്ചിട്ടുള്ള എല്ലാ വില്പനശാലകളിലൂടെയും കയറുല്പന്നങ്ങൾ വില്ക്കാൻ നടപടി സ്വീകരിക്കുമോ;

**(ബി)** നിലവിൽ ഫോം മാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡ് 270 സംഘങ്ങൾ മുഖാന്തിരവും, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ 244 സംഘങ്ങൾ മുഖാന്തിരവും, കയർഫെഡ് 51 സംഘങ്ങൾ മുഖാന്തിരവും ഉല്പന്നങ്ങൾ വിറ്റഴിച്ചുവരുന്നുണ്ട്. ഒരു പഞ്ചായത്തിൽ ഒരു കയറുല്പന്ന വിപണനകേന്ദ്രം എന്ന ലക്ഷ്യപ്രകാരം 1200 പ്രാഥമിക സഹകരണ സംഘങ്ങളിൽ കൂടിയുള്ള വില്പനയാണ് ലക്ഷ്യം. ഇത് പ്രാവർത്തികമാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്.

(സി) കയറുല്പന്നങ്ങൾക്ക് സർക്കാർ റിബേറ്റ് അനുവദിച്ചിട്ടുണ്ടോ;

**(സി)** ഇല്ല. റിബേറ്റ് കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും സംയുക്തമായി നൽകുന്നതാണ്. എന്നാൽ 2000-മാണ്ടിൽ കേന്ദ്രസർക്കാർ ഇതിൽ നിന്നും പിൻമാറി. റിബേറ്റ് പുനഃസ്ഥാപിക്കാൻ കേന്ദ്രസർക്കാരിൽ തുടർച്ചയായി സമ്മർദ്ദം ചെലുത്തി വരികയാണ്.

(ഡി) കയറുല്പന്നങ്ങളുടെ വിപണനത്തിനായി നിലവിലുള്ള ശൃംഖല ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

**(ഡി)** പ്രാഥമിക സഹകരണ സംഘങ്ങൾ മുഖാന്തിരവും, കുടുംബശ്രീ മുഖാന്തിരവും, മറ്റ് പൊതു മേഖലാ സ്ഥാപനങ്ങളുടെ ഷോറൂമുകൾ മുഖാന്തിരവും കയറുല്പന്നങ്ങളുടെ വിപണനത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ കേരളത്തിനു പുറത്ത് വിപുലമായ വിപണന ശൃംഖല കെട്ടിപ്പടുക്കാനുള്ള നടപടികളും ആരംഭിക്കുകയാണ്.

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

* **നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 124** — 15.09.2009-ൽ മറുപടിക്ക്

## മിനിമം വേതനം പുതുക്കി നിശ്ചയിക്കാൻ നടപടി

| ചോദ്യം<br>ശ്രീ. എ. എ. അസീസ് | മറുപടി<br>ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| --- | --- |
| (എ) സംസ്ഥാനത്ത് ഏതെല്ലാം തൊഴിൽ മേഖലകളിലാണ് മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (എ) സംസ്ഥാനത്ത് 42 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. ആയതിൽ 5 വർഷ കാലാവധി കഴിഞ്ഞതിൽ ചുവടെ ചേർത്തിരിക്കുന്ന മേഖലകളിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്<br>1 തീപ്പെട്ടി വ്യവസായം<br>2 കാർഷിക പ്രവർത്തന മേഖല<br>3 ആയുർവേദവും അലോപ്പതി മരുന്നുകളും<br>4 കശുവണ്ടി<br>5 ആനകളുടെ പരിപാലനവും സംരക്ഷണവും<br>6 [illegible] വ്യവസായം<br>7 എൽ.പി.ഗ്യാസ്<br>8 ലൈറ്റ് മോട്ടോർ വ്യവസായം<br>9 ഓയിൽ പാം<br>10 ഓയിൽ മിൽ<br>11 തോട്ടം മേഖല<br>12 ഓട്<br>13 ടിമ്പർ, പ്ലൈവുഡ്<br>14 ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് |
| (ബി) ഏതെല്ലാം തൊഴിൽ മേഖലയിലാണ് മിനിമം വേതനം പുതുക്കി നിശ്ചയിക്കാത്തതെന്ന് വെളിപ്പെടുത്തുമോ; | (ബി) 1 ബീഡി, സിഗാർ<br>2 ബ്ലോക്ക് റബ്ബർ<br>3 ഇഷ്ടിക നിർമ്മാണം<br>4 കയർ<br>5 സിനിമ തീയേറ്റർ<br>6 പാറ ഉടയ്ക്കൽ പാറ പൊട്ടിക്കൽ, കെട്ടിട നിർമ്മാണം റോഡുകളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും -<br>7 കൊപ്ര ഉണ്ടാക്കുന്നതിലേയ്ക്കു വേണ്ടി തേങ്ങ ഉണക്കുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ<br>8 മത്സ്യ സംസ്കരണം<br>9 കൈത്തറി<br>10 ഹോസിയറി നിർമ്മാണം<br>11 ഹോസ്റ്റൽ<br>12 ഐസ് ഫാക്ടറികൾ<br>13 മൈനർ എഞ്ചിനിയറിംഗ്<br>14 മെഡിക്കൽ ഷോപ്പിലെ ഫാർമസിസ്റ്റുകൾ<br>15 പവർലൂം |

16. പ്രിന്റിംഗ് പ്രസ്സ്
17. സ്വകാര്യ ആശുപത്രികളും അനുബന്ധ സ്ഥാപനങ്ങളും
18. റൈസ് മിൽ, ഫ്ലവർ മിൽ, ദാൽ മിൽ
19. കശുവണ്ടി വാരലും കയറ്റിറക്കും .
20. റബ്ബർ ക്രേപ്പ് മില്ലുകൾ
21. റബ്ബർ പ്രൊഡക്ട്സ് മേഖല
22. കള്ള് ചെത്ത് വ്യവസായം
23. കുട വ്യവസായം

മേൽ വിവരിച്ച 23 തൊഴിൽ മേഖലകളിൽ താഴെ പറയുന്ന മേഖലകളിൽ പ്രാഥമിക കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് .

1. ബ്ലോക്ക് റബ്ബർ
2. പാറ ഉടയ്ക്കൽ, പാറ പൊട്ടിക്കൽ, കെട്ടിട നിർമ്മാണം, റോഡുകളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും
3. കൊപ്ര ഉണ്ടാക്കുന്നതിലേയ്ക്കു വേണ്ടി തേങ്ങ ഉണക്കുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ
4. മത്സ്യ സംസ്ക്കരണം
5. ഹോസ്റ്റൽ
6. മൈനർ എഞ്ചിനിയറിംഗ്
7. റൈസ് മിൽ, ഫ്ലവർ മിൽ, ദാൽ മിൽ
8. റബ്ബർ ക്രേപ്പ് മില്ലുകൾ
9. കുട വ്യവസായം

മേൽ പറഞ്ഞ 23 എണ്ണത്തിൽ കൈത്തറി, സ്വകാര്യ ആശുപത്രികളും അനുബന്ധ സ്ഥാപനങ്ങളും, കള്ള് ചെത്ത് വ്യവസായം എന്നീ മേഖലകളിൽ മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നതിന് നിയമിച്ച മിനിമം വേതന കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് പരിശോധനയിലാണ്.

(സി) പ്രസ്തുത തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കാത്തതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(സി) മിനിമം വേതനം നിശ്ചയിച്ചതിനു ശേഷം 5 വർഷ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് ഓരോ മേഖലയിലും മിനിമം വേതനം പുതുക്കി നിശ്ചയിക്കണമെന്നാണ് നിലവിലുള്ള വ്യവസ്ഥ. ഈ വ്യവസ്ഥ പാലിക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡമെന്തെന്ന് വ്യക്തമാക്കുമോ?

(ഡി) 1948 ലെ മിനിമം വേതന ആക്റ്റിന്റെ 5-ാം വകുപ്പ് (1)- ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയ ഏതൊരു തൊഴിൽ മേഖലയിലും 5 വർഷത്തിൽ കവിയാത്ത ഇടവേളകളിൽ ഏറ്റവും കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കണം. എന്നാൽ 5 കൊല്ലത്തിനിടയിൽ തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങളിൽ സാരമായ വ്യത്യാസങ്ങൾ വന്നാൽ 5 വർഷം പൂർത്തിയാകുന്നതിന് മുമ്പ് മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാരിന് അധികാരമുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 125 — 15.09.09 ൽ മറുപടിയ്ക്ക്

## ബസ് ചാർജ്ജ് വർദ്ധന

ചോദ്യം — ഉത്തരം

ശ്രീ. കെ.ബാബു
ശ്രീ. സി.പി.മുഹമ്മദ്
ശ്രീ. ജോർജ്ജ് മേഴ്സിയർ

ശ്രീ. ജോസ് തെറ്റയിൽ
ഗതാഗത വകുപ്പുമന്ത്രി

(എ) ബസ് ചാർജ്ജ് വർദ്ധിപ്പിക്കണമെന്ന് ബസ് ഉടമകൾ ആവശ്യപ്പെട്ടിട്ടുണ്ടോ;

(എ) ഉണ്ട്.

(ബി) ബസ് ചാർജ്ജ് എത്രമാത്രം വർദ്ധിപ്പിക്കണമെന്നാണ് കെ.എസ്.ആർ.ടി.സി യും പ്രൈവറ്റ് ബസ്സുടമകളും ആവശ്യപ്പെട്ടിട്ടുള്ളത്;

(ബി) 1.7.2009 മുതൽ ഡീസൽ വിലയിലുണ്ടായ വർദ്ധനവിന് അനുസരണമായി ബസ് ചാർജ്ജ് വർദ്ധിപ്പിച്ച് പുനക്രമീകരിക്കണമെന്ന് കെ.എസ്.ആർ.ടി.സിയും പ്രൈവറ്റ് ബസ്സുടമകളും സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.താഴെ പറയുന്ന നിരക്കിലുള്ള വർദ്ധനയാണ് കെ.എസ്.ആർ.ടി.സി ആവശ്യപ്പെട്ടിട്ടുള്ളത്.

| സർവ്വീസിന്റെ തരം | നിലവിലുള്ള നിരക്ക് കി.മി. | നിർദ്ദേശിക്കുന്ന നിരക്ക് കി.മി. |
|---|---|---|
| ഓർഡിനറി | 52 പൈസ | 53 പൈസ |
| സിറ്റി ഫാസ്റ്റ് | 55 പൈസ | 57 പൈസ |
| ഫാസ്റ്റ് പാസഞ്ചർ | 55 പൈസ | 57 പൈസ |
| സൂപ്പർഫാസ്റ്റ് | 58 പൈസ | 60 പൈസ |
| സൂപ്പർ എക്സ്പ്രസ് | 62 പൈസ | 65 പൈസ |
| സൂപ്പർ ഡീലക്സ്/ സെമി സ്ലീപ്പർ | 72 പൈസ | 75 പൈസ |
| എ.സി. | 85 പൈസ | 90 പൈസ |
| വോൾവോ | 105 പൈസ | 110 പൈസ |

മിനിമം ചാർജ്ജ്

| ഇനം | നിലവിലുള്ളത് | നിർദ്ദേശിക്കുന്നത് |
|---|---|---|
| ഓർഡിനറി | 3.50 രൂപ | 4.00 രൂപ |
| സിറ്റി ഫാസ്റ്റ് | 3.50 രൂപ | 4.00 രൂപ |
| ഫാസ്റ്റ് പാസഞ്ചർ | 4.50 രൂപ | 5.00 രൂപ |
| സൂപ്പർ ഫാസ്റ്റ് | 8.00 രൂപ | 8.00 രൂപ |
| സൂപ്പർ എക്സ്പ്രസ് | 10.00 രൂപ | 10.00 രൂപ |
| സൂപ്പർ ഡീലക്സ്/ സെമി സ്ളീപ്പർ | 20.00 രൂപ | 20.00 രൂപ |
| എ.സി. | 30.00 രൂപ | 30.00രൂപ |
| വോൾവോ | 30.00 രൂപ | 30.00 രൂപ |

പ്രൈവറ്റ് ബസുടമകൾ ചാർജ്ജ് വർദ്ധന എത്രമാത്രം വേണമെന്ന് ഇപ്പോൾ അവശ്യപ്പെട്ടിട്ടില്ല.

(സി) ബസ് ചാർജ്ജ് വർദ്ധന നടപ്പാക്കാൻ ഉദ്ദേശമുണ്ടോ;

(സി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:126     15-9-2009 ൽ മറുപടിയ്ക്ക്

## വൈദ്യുതിയുടെ ഉല്പാദനച്ചെലവ്

| ചോദ്യം<br>ശ്രീ. കെ. ശിവദാസൻ നായർ | മറുപടി<br>ശ്രീ. എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
|---|---|
| എ) ജലവൈദ്യുതി നിലയത്തിൽ നിന്നുൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ ഉൽപ്പാദന ചെലവ് എത്രയാണെന്ന് വ്യക്തമാക്കുമോ; | എ) കെ.എസ്.ഇ.ബോർഡിന്റെ അവസാനമായി ആഡിറ്റ് പൂർത്തീകരിച്ച 2006-07 വർഷത്തിലെ കണക്കു പ്രകാരം ജലവൈദ്യുത നിലയത്തിൽ നിന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ ഉല്പാദന ചെലവ് ഒരു യൂണിറ്റിന് ഏകദേശം പതിനാറ് പൈസ എന്ന നിരക്കിലാണ്. |
| ബി) കേന്ദ്ര പൂളിൽ നിന്നും ലഭിക്കേണ്ട വൈദ്യുതിയുടെ കാര്യത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | ബി) ഉണ്ട്. കേന്ദ്ര വൈദ്യുത നിലയങ്ങളിൽ നിന്നും 2006 ഡിസംബറിൽ 1184 മെഗാവാട്ട് ആണ് കേരളത്തിന്റെ വിഹിതമായി ലഭിച്ചുകൊണ്ടിരുന്നത്. ഈ വിഹിതം പലഘട്ടങ്ങളായി വെട്ടിക്കുറച്ച് ഇപ്പോൾ (29.07.2009 മുതൽ) പീക്ക് സമയത്ത് 1016.16 മെഗാവാട്ടും ഓഫ് പീക്ക് സമയത്ത് 1011.35 മെഗാവാട്ടും ആയി. എന്നാൽ ഇപ്പോൾ യഥാർത്ഥ ലഭ്യത 650-700 മെഗാവാട്ട് മാത്രമാണ്. |
| സി) കേരളത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി മറ്റു സംസ്ഥാനങ്ങൾക്ക് വിൽക്കപ്പെടുന്നുണ്ടോ; | സി) ഉണ്ട്. കായംകുളം താപവൈദ്യുതി നിലയത്തിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതിയിൽ തമിഴ്നാടിന്റെ വിഹിതമായ 150 മെഗാവാട്ട് തമിഴ് നാടിന് നല്കുന്നുണ്ട്. ഇതിനുപുറമെ എൻ.ടി.പി.സി. വിദ്യുത് വ്യാപാർ നിഗം ലിമിറ്റഡ് (എൻ.വി.വി.എൻ) എന്ന ട്രേഡിംഗ് ഏജൻസി വഴി 0.735 മില്യൻ യൂണിറ്റ് താപവൈദ്യുതി ഓഫ് പീക്കിൽ വില്ക്കുകയുണ്ടായി. ഇതിനായി [illegible] ചാർജിനത്തിൽ യൂണിറ്റൊന്നിന് 12 പൈസയും വേരിയബിൾ ചാർജ് ഇനത്തിൽ 7 രൂപ 39 പൈസയും ഈടാക്കിയിട്ടുണ്ട്. |
| ഡി) വൈദ്യുത പ്രസരണ നവീകരണപദ്ധതികൾക്കായി ഈ ഗവൺമെന്റ് അധികാരമേറ്റശേഷം കേന്ദ്രത്തിൽ നിന്ന് എത്ര തുക ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | ഡി) വൈദ്യുത പ്രസരണ നവീകരണത്തിനായി ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി (APDRP) പ്രകാരം 6.86 കോടി രൂപ ഗ്രാൻഡായി കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 127

15-09-09 ൽ മറുപടിക്ക്

## എക്സൈസ് വകുപ്പിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ: സി.രവീന്ദ്രനാഥ് :<br>ശ്രീമതി. കെ.എസ്.സലീഖ :<br>ശ്രീ. പി. വിശ്വൻ :<br>ശ്രീ. പി.ടി.എ. റഹീം :<br>ശ്രീ. എം.ജെ.ജേക്കബ് : | ശ്രീ. പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) എക്സൈസ് വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | എ) എക്സൈസ് വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി 11 പുതിയ റെയ്ഞ്ച് ഓഫീസുകൾ പ്രവർത്തനം ആരംഭിക്കുകയും ഇതുമായി ബന്ധപ്പെട്ട് 278 തസ്തികകൾ പുതുതായി അനുവദിക്കുകയും ചെയ്തു. എക്സൈസ് ചെക്ക് പോസ്റ്റുകളിലെ വാഹന പരിശോധന കുറ്റമറ്റതാക്കുന്നതിലേയ്ക്കായി മേജർ ചെക്ക് പോസ്റ്റുകളുടെ ചുമതല എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാരുടെ നിയന്ത്രണത്തിലാക്കുകയും ചെക്ക് പോസ്റ്റുകളിൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തു. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 10 വർഷത്തിനുമേൽ പഴക്കം ചെന്ന വാഹനങ്ങൾ മാറ്റി പുതിയ വാഹനങ്ങൾ അനുവദിക്കുന്നതിന്റെ ഭാഗമായി 95 പുതിയ ജീപ്പുകളും 30 മോട്ടോർ സൈക്കിളുകളും വാങ്ങി വിവിധ ഓഫീസുകൾക്ക് അനുവദിച്ചു. എക്സൈസ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥന്മാർക്ക് ആയുധങ്ങൾ നല്കുന്നതിന്റെ ഭാഗമായി നൂറ്റിപ്പത്ത് 0.32 പിസ്റ്റളുകൾ വാങ്ങുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ട്. രാസപരിശോധനാ ലാബോറട്ടറികളിലെ എക്സൈസ്‌വിംഗ് നവീകരിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, എറണാകുളം, |

കോഴിക്കോട് ലാബോറട്ടറികളിൽ കള്ള് പരിശോധിക്കുന്നതിനായി അനലറ്റിക് ഇൻസ്ട്രുമെന്റും അനുബന്ധ ഉപകരണങ്ങളും അനുവദിച്ചു. എക്സൈസ് വകുപ്പിന്റെ ജില്ലാതല പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് എക്സൈസ് ഡിവിഷൻ ഓഫീസുകളുടെ മേൽനോട്ടത്തിനായി ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരെ പുതുതായി നിയമിക്കുകയും അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർക്ക് ജില്ലാതല എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ പൂർണ്ണ ചുമതല നല്കുകയും ചെയ്യും. കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി എക്സൈസ് സർക്കിൾ ഓഫീസുകൾ വരെയുള്ള ആഫീസുകളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും അനുവദിച്ചു. എക്സൈസ് വകുപ്പിൽ 274 വനിതാഗാർഡുമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എക്സൈസ് വകുപ്പിലെ മുഴുവൻ ഉദ്യോഗസ്ഥർക്കും ആവശ്യമായ പരിശീലനം നല്കുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥർക്കുള്ള കായിക പരിശീലനം തൃശൂർ പോലീസ് അക്കാദമിയിൽ നടന്നു വരുന്നു. സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത ആഫീസുകൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. വകുപ്പിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

| | |
|---|---|
| ബി) ഓണക്കാലത്ത് സംസ്ഥാനത്തേക്ക് വ്യാജമദ്യം കടത്തുന്നത് തടയുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിരുന്നോ ; | ബി) ഏർപ്പെടുത്തിയിരുന്നു. |
| സി) ഗുണ്ടാ ആക്റ്റിന്റെ പരിധിയിൽ ഉൾപ്പെടുന്ന എത്ര അബ്കാരി കുറ്റവാളികളാണ് സംസ്ഥാനത്തുള്ളത്; ഇവരിൽ എത്രപേരെ കസ്റ്റഡിയിലെടുത്തിട്ടുണ്ട് ; | സി) ആകെ 473 പേരെ ഗുണ്ടാലിസ്റ്റിൽ ഉൾപ്പെടുത്തി പോലീസിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത കുറ്റവാളികളുടെ പേരിൽ പോലീസ് വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| ഡി) | കടൽ മാർഗ്ഗമുള്ള സ്പിരിറ്റ് കടത്ത് തടയുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ; | ഡി) | കടൽ മാർഗ്ഗമുള്ള സ്പിരിറ്റ് കടത്ത് തടയുന്നതിനായി കോസ്റ്റൽ ഏരിയായിൽ പ്രത്യേക പട്രോളിംഗും നിരീക്ഷണവും നടത്തുന്നു. കൂടാതെ മറൈൻ എൻഫോഴ്സ്മെന്റും കോസ്റ്റ് ഗാർഡുമായും ചേർന്ന് സംയുക്തമായി പട്രോളിംഗും നടത്താറുണ്ട്. |
| ഇ) | എക്സൈസ് ഇന്റലിജൻസ് സംവിധാനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | ഇ) | നിലവിൽ ജോയിന്റ് എക്സൈസ് കമ്മീഷണർ റാങ്കിലുള്ള ഉദ്യോഗസ്ഥൻ സംസ്ഥാനതലത്തിലും അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ റാങ്കിലുള്ള ഉദ്യോഗസ്ഥർ മേഖലാ തലത്തിലും എക്സൈസ് ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥർ ജില്ലാതലത്തിലും നേതൃത്വം കൊടുക്കുന്ന ശക്തമായ ഇന്റലിജൻസ് വിഭാഗം എക്സൈസ് വകുപ്പിൽ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 128

15.09.2009-ൽ മറുപടിയ്ക്ക്

## ഓണം, റംസാൻ വിപണികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. വി.എൻ. വാസവൻ<br>ശ്രീ. വി.ജെ. തങ്കപ്പൻ<br>ശ്രീ. എം.എം. മോനായി<br>ശ്രീ. സി.കെ.പി. പത്മനാഭൻ | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും വകുപ്പു മന്ത്രി) |
| എ) രാജ്യമൊട്ടാകെ അനുഭവപ്പെടുന്ന വിലക്കയറ്റം ഓണം-റംസാൻ സീസണിൽ സംസ്ഥാനത്ത് തടഞ്ഞു നിറുത്തുന്നതിനായി സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) രാജ്യമൊട്ടാകെ അനുഭവപ്പെടുന്ന വിലക്കയറ്റം ഓണം-റംസാൻ സീസണിൽ സംസ്ഥാനത്ത് തടഞ്ഞു നിർത്തുന്നതിനായി സഹകരണ വകുപ്പിന്റെ കീഴിൽ കൺസ്യൂമർ ഫെഡിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 1 മുതൽ സെപ്തംബർ 20 വരെ 51 ദിവസം നീണ്ടുനിൽക്കുന്ന ഓണം-റംസാൻ വിപണി 2009 സംഘടിപ്പിച്ചു. ടി വിപണികളിലൂടെ ഉത്സവാഘോഷങ്ങൾക്കാവശ്യമായ പ്രത്യേക ഇനങ്ങൾ ഉൾപ്പെടെ എല്ലാവിധ അവശ്യ നിത്യോപയോഗ സാധനങ്ങളും പൊതുവിപണിയിൽ നിന്നും 20% മുതൽ 61% വരെ വിലക്കുറവിൽ 6392 ചന്തകളിലൂടെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുക വഴി പൊതുജനങ്ങൾക്ക് ന്യായവിലയിൽ സാധനങ്ങൾ ലഭ്യമാക്കാനും അതുവഴി പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കാനും സാധിച്ചു. (ചാർട്ട് അടക്കം ചെയ്യുന്നു) |
| ബി) ഇപ്രാവശ്യം എത്ര ഓണം-റംസാൻ വിപണികൾ ആരംഭിച്ചു എന്ന് വെളിപ്പെടുത്തുമോ; | ബി) ഇപ്രാവശ്യം 6392 ഓണം-റംസാൻ വിപണികൾ ആണ് ആരംഭിച്ചത്. |
| സി) ഇതുവരെ എത്ര കോടി രൂപയുടെ വിറ്റുവരവുണ്ടായി; ഇതുവഴി എത്ര കോടി രൂപയുടെ സാമ്പത്തിക ആനുകൂല്യം ജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്; | സി) ഓണം-റംസാൻ വിപണികൾ സെപ്തംബർ 20 നേ അവസാനിക്കുകയുള്ളൂ. ഇതുവരെയുള്ള വിറ്റുവരവ് സംബന്ധിച്ച് കൃത്യമായ കണക്കുകൾ തയ്യാറാക്കിയിട്ടില്ല. എങ്കിലും ഓണം-റംസാൻ |

| | |
|---|---|
| | വിപണികളിലൂടെ ഇതുവരെ ഏകദേശം 123 കോടി രൂപയുടെ വിറ്റുവരവ് ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. ഇതുവഴി ജനങ്ങൾക്ക് കോടിക്കണക്കിന് രൂപയുടെ സാമ്പത്തികാനുകൂല്യം ലഭ്യമാകുന്നതാണ്. ഇതു സംബന്ധിച്ച കൃത്യമായ കണക്കുകൾ തയ്യാറാക്കി വരുന്നതേയുള്ളൂ. |
| ഡി) വിപണന കേന്ദ്രങ്ങളിൽ എല്ലാ നിത്യോപയോഗ സാധനങ്ങളും ആവശ്യാനുസരണം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; | ഡി) ഉണ്ട്. |
| ഇ) സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിരുന്നോ; | ഇ) സാധനങ്ങളുടെ ഗുണനിലവാരവും തൂക്കവും ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കൺസ്യൂമർ ഫെഡിന്റെ വിജിലൻസ് വിഭാഗവും വിപണന കേന്ദ്രങ്ങൾ നിരന്തരമായി സന്ദർശിച്ച് ഈ കാര്യങ്ങൾ ഉറപ്പു വരുത്തുന്നുണ്ട്. |
| എഫ്) സഹകരണ സംഘങ്ങളുടെ ഓണം വിപണന മേളകളിൽ എന്തെങ്കിലും അപാകതകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | എഫ്) ചില സംഘങ്ങളിൽ ചില അപാകതകൾ കണ്ടെത്തിയിരുന്നു. അവ പരിഹരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## ഓണം-റംസാൻ ചന്ത വിലവിവരം കാണിക്കുന്ന ചാർട്ട്

| No. | Item | ഓണം റംസാൻ ചന്ത Consumerfed Rates | open market rate | |
|---|---|---|---|---|
| | | | Minimum | Maximum |
| 1 | ജയ അരി | 14.00 | 22.00 | 22.50 |
| 2 | കുറുവ അരി | 14.00 | 19.50 | 20.00 |
| 3 | മട്ട അരി (ഉണ്ട) | 14.00 | 22.00 | 22.50 |
| 4 | മട്ട അരി (വടി) | 14.00 | 20.00 | 22.00 |
| 5 | പച്ചരി | 13.50 | 17.00 | 20.00 |
| 6 | പഞ്ചസാര | 20.00 | 30.00 | 35.00 |
| 7 | വെളിച്ചെണ്ണ (കേര) | 54.00 | 62.00 | 64.00 |
| 8 | വെളിച്ചെണ്ണ (മറ്റിനം) | 47.00 | 55.00 | 62.00 |
| 9 | ഉഴുന്ന് പരിപ്പ് | 36.00 | 61.00 | 76.00 |
| 10 | ഗ്രീൻ പീസ് | 26.00 | 35.00 | 40.00 |
| 11 | ശർക്കര | 30.00 | 38.00 | 42.00 |
| 12 | പിരിയൻ മുളക് | 66.00 | 90.00 | 92.00 |
| 13 | ചെറുപയർ | 28.00 | 52.00 | 58.00 |
| 14 | ചെറുപയർ പരിപ്പ് | 35.00 | 68.00 | 72.00 |
| 15 | വൻകടല | 27.00 | 38.00 | 50.00 |
| 16 | ഉഴുന്ന് (മുഴുവൻ) | 36.00 | 64.00 | 68.00 |
| 17 | വൻപയർ | 26.50 | 30.00 | 36.00 |
| 18 | തുവരപരിപ്പ് | 34.00 | 85.00 | 95.00 |
| 19 | പീസ് പരിപ്പ് | 18.00 | 30.00 | 32.00 |
| 20 | കടുക് | 22.00 | 48.00 | 53.00 |
| 21 | മുളക് | 45.00 | 69.00 | 75.00 |
| 22 | മല്ലി | 49.00 | 55.00 | 60.00 |
| 23 | ഉലുവ | 28.00 | 47.00 | 61.00 |
| 24 | ജീരകം | 96.00 | 160.00 | 175.00 |
| 25 | ചെറുകടല | 27.00 | 40.00 | 42.00 |
| 26 | സേമിയ 200gm | 7.50 | 9.00 | 9.50 |
| 27 | പാലട 200gm | 9.50 | 12.00 | 12.50 |
| 28 | അരിയട 200gm | 12.00 | 16.00 | 17.00 |
| 29 | ഉരുളക്കിഴങ്ങ് | 15.00 | 19.00 | 20.00 |
| 30 | ചുവന്നുള്ളി | 16.00 | 21.00 | 22.00 |

| | | | | |
|---|---|---|---|---|
| 31 | സവാള | 10.50 | 13.00 | 14.00 |
| 32 | ഏത്തക്കായ | 20.00 | 30.00 | 32.00 |
| 33 | ബിരിയാണി അരി(കൈമ) | 35.00 | 41.00 | 55.00 |
| 34 | ബിരിയാണി അരി(കോല) | 26.00 | 32.00 | 34.00 |
| 35 | ഡാൽഡ 1 കിലോ | 49.00 | 59.00 | 80.00 |
| 36 | ആട്ട | 16.00 | 21.00 | 31.00 |
| 37 | മൈദ | 16.00 | 22.00 | 23.00 |
| 38 | റവ | 16.00 | 23.00 | 25.00 |
| 39 | കാരയ്ക്ക | 71.00 | 100.00 | 110.00 |
| 40 | പച്ചരിപ്പൊടി | 20.00 | 22.00 | 23.00 |
| 41 | സേമിയ | 100.00 | 150.00 | 180.00 |
| 42 | മല്ലിപ്പൊടി | 74.00 | 95.00 | 180.00 |
| 43 | മുളക്പൊടി | 71.00 | 90.00 | 124.00 |
| 44 | മഞ്ഞൾപ്പൊടി | 86.00 | 94.00 | 124.00 |

[signature]
മെസ്സ് കൺവീനർ

## പന്ത്രണ്ടാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 129

15.09.2009 - ൽ മറുപടിയ്ക്ക്

## കാർഷിക വായ്പ കൂടുതലായി നൽകാൻ നടപടി

**ചോദ്യം**

ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. എം.ചന്ദ്രൻ;
ശ്രീ. വി. ചെന്താമരാക്ഷൻ:
ശ്രീമതി. ജെ. അരുന്ധതി :
ശ്രീ. എം.ജെ.ജേക്കബ് :

**ഉത്തരം**

ശ്രീ.ജി.സുധാകരൻ
(സഹകരണവും കയറും വകുപ്പു മന്ത്രി)

(എ) കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി സഹകരണ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേനയുള്ള കാർഷിക വായ്പാ വിതരണത്തിന്റെ അനുപാതം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന മൊത്തം വായ്പയുടെ 40% എങ്കിലും കാർഷിക വായ്പകളായി വിതരണം ചെയ്യുന്നതിനും ഹ്രസ്വകാല കാർഷിക വായ്പകൾക്ക് ഈടാക്കാവുന്ന പലിശ പരമാവധി 7% ആയി നിശ്ചയിച്ചും സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. കർഷകർക്ക് ആവശ്യമായ കാർഷിക വായ്പകൾ കുറഞ്ഞ പലിശ നിരക്കിലും, സുഗമമായും വിതരണം ചെയ്യുന്നതിന് സംഘങ്ങൾക്ക് കർശന നിർദ്ദേശം നൽകുകയും ആയത് വിലയിരുത്തുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായും, നെൽകർഷകരെ തിരികെ നെൽകൃഷിയിലേക്ക് കൊണ്ടു വരുന്നതിനും, നെല്ലുൽപാദനം വർദ്ധിപ്പിക്കുന്നതിനുമായി 6 മാസക്കാല

യളവിലേക്ക് 25,000/- രൂപ വരെയുള്ള നെൽകൃഷി വായ്പകൾ പലിശ രഹിതമായി നൽകുന്ന പദ്ധതി നടപ്പിലാക്കുകയുണ്ടായി. നെൽകർഷ കർക്ക് കൂടുതൽ സഹായകരമാവുന്ന തിനും, കൊയ്ത്ത് നടത്തുന്നതിന് തൊഴി ലാളികളുടെ അഭാവവും കണക്കിലെ ടുത്ത്, കൊയ്ത്ത് യന്ത്രങ്ങൾ വാങ്ങി, കർഷകർക്ക് ന്യായമായ വാടകയ്ക്ക് നൽകുന്നതിനും, സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി വായ്പാ പദ്ധതി വ്യാപകമാക്കി നെൽകൃഷി വിപുലീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. അതോടൊപ്പം പ്രാഥമിക സംഘങ്ങൾക്ക് കാർഷിക വായ്പകൾ നൽകാൻ കഴിയാതെ വരുന്ന സ്ഥലങ്ങളിൽ, കൃഷിക്കാർക്ക് നേരിട്ട് കാർഷിക വായ്പ നൽകുന്നതിനായി ജില്ലാ സഹകരണ ബാങ്കുകളുടെ ശാഖകൾ തുറക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കാർഷിക വായ്പകൾ വിതരണം ചെയ്യാതിരുന്ന സംഘങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കണമെന്ന താക്കീതിനെ തുടർന്ന് 22 സംഘങ്ങൾ ഒഴികെ മറ്റെല്ലാം കാർഷിക വായ്പകൾ വിതരണം ചെയ്ത് തുടങ്ങുകയും ചെയ്തിട്ടുണ്ട്. കാർഷിക വായ്പാ വിതരണം ചെയ്യാത്ത 22 പ്രാഥമിക കാർഷിക സംഘങ്ങൾക്കെതിരെ നിയമാനുസൃ തമായ നടപടികൾ സ്വീകരിച്ച് കാർഷികേതര വായ്പാ സംഘങ്ങളാക്കി മാറ്റി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| (ബി) കാർഷിക വായ്പയുടെ പലിശ നിരക്കിൽ സർക്കാർ കുറവു വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | (ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് സഹകരണ മേഖലയിൽ 25,000/- രൂപവരെയുള്ള ഹ്രസ്വകാല കാർഷിക വായ്പകൾ 8.5% |

പലിശ നിരക്കിലും 25,000/- രൂപയ്ക്ക് മുകളിൽ 9% പലിശ നിരക്കിലുമാണ് വിതരണം ചെയ്തിരുന്നത്. ഈ സർക്കാർ അധികാരമേറ്റശേഷം ഒരു ലക്ഷം രൂപവരെയുള്ള ഹ്രസ്വകാല കാർഷിക വായ്പകൾ 5.5% പലിശ നിരക്കിലും അതിനു മുകളിൽ 3 ലക്ഷം രൂപവരെ 6% പലിശ നിരക്കിലും വിതരണം ചെയ്യുന്നതിന് നിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായി. 2007-08 വർഷത്തിൽ നെൽകൃഷിക്കും പച്ചക്കറി കൃഷിയ്ക്കും 4% പലിശ നിരക്കിൽ കാർഷിക വായ്പ വിതരണം നടത്തുകയും എന്നാൽ ഇപ്പോൾ കേന്ദ്ര സർക്കാർ നിർദ്ദേശങ്ങൾക്കും, നബാർഡ് നയത്തിനനുസൃതമായും ലഭ്യമാകുന്ന പുനർ വായ്പയുടെ ലഭ്യത കണക്കിലെടുത്ത് എല്ലാ ഹ്രസ്വകാല വിള വായ്പകൾക്കും 7% പലിശ നിരക്കായി നിജപ്പെടുത്തിയിട്ടുണ്ട്. നെൽകൃഷിയ്ക്ക് സംസ്ഥാനത്തൊട്ടാകെ ഒരു വിളയ്ക്ക് (6 മാസക്കാലം) പരമാവധി 25,000/- രൂപ വരെ പലിശരഹിത വായ്പ ഇപ്പോൾ നൽകി വരുന്നുണ്ട്.

(സി) നെൽകൃഷിയ്ക്ക് ഇപ്പോൾ എത്ര ശതമാനം പലിശ നിരക്കിലാണ് വായ്പ നൽകുന്നത് ;

(സി) 25,000/- രൂപവരെയുള്ള നെൽകൃഷിക്കുള്ള വായ്പ പലിശരഹിതമായിട്ടാണ് നൽകുന്നത്. അതിൽ കൂടുതലുള്ള വായ്പകൾ 7% പലിശ നിരക്കിലാണ് നൽകിവരുന്നത്.

(ഡി) നെൽകൃഷിയ്ക്ക് പലിശരഹിത വായ്പ നൽകുന്ന പദ്ധതി ഏതെല്ലാം ജില്ലകളിൽ നടപ്പാക്കിയിട്ടുണ്ട്; ഇതിനകം എത്ര കോടി രൂപ വായ്പ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഡി) നെൽകൃഷിയ്ക്ക് പലിശരഹിത വായ്പ നൽകുന്ന പദ്ധതി സംസ്ഥാനത്തൊട്ടാകെ എല്ലാ ജില്ലകളിലും നടപ്പാക്കിയിട്ടുണ്ട്. ഈയിനത്തിൽ 2007-08 വർഷത്തിൽ 1535.00 ലക്ഷം രൂപയും 2008-09 വർഷത്തിൽ 2606.53 ലക്ഷം രൂപയും 2009-2010 വർഷത്തിന്റെ അദ്യപാദത്തിൽ 785.29 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഇ) | കാർഷിക വായ്പ കൂടുതലായി നൽകാൻ സഹകരണ സ്ഥാപനങ്ങളെ പ്രേരിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | കാർഷിക വായ്പകൾ കൂടുതലായി നൽകുന്നതിന് കാർഷിക വായ്പാ സഹകരണ സ്ഥാപനങ്ങളെ ബോധവൽക്കരിച്ചുവരുന്നു. ജില്ലകളിൽ ഏറ്റവും കൂടുതൽ കാർഷിക വായ്പ നൽകുന്ന സഹകരണ സംഘങ്ങൾക്ക് 5 ലക്ഷം രൂപ വീതം പ്രോത്സാഹന സമ്മാനം നൽകുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 130

15.09.2009 - ൽ മറുപടിയ്ക്ക്

## സഹകരണ സംഘം നിയമത്തിൽ ഭേദഗതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.എ. വാഹീദ് :<br>ശ്രീ. ജോർജ് മേഴ്സിയർ :<br>ശ്രീ. സി.പി. മുഹമ്മദ്: | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും വകുപ്പു മന്ത്രി) |
| (എ) സഹകരണ സംഘം നിയമത്തിന് കാതലായ ഭേദഗതി വരുത്തുവാൻ ഉദ്ദേശമുണ്ടോ ; | (എ) ഉണ്ട് |
| (ബി) ഉണ്ടെങ്കിൽ എന്തെല്ലാം കാര്യങ്ങൾക്കു വേണ്ടിയുള്ള ഭേദഗതികളാണ് വരുത്തുന്നതെന്നു വ്യക്തമാക്കുമോ ; | (ബി) ചുവടെ പരാമർശിക്കുന്ന പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ/കാര്യങ്ങൾക്കുവേണ്ടിയുള്ള ഭേദഗതികളാണ് ഉദ്ദേശിക്കുന്നത്.<br>1. സഹകരണ തത്വങ്ങളുടെ അടിസ്ഥാനത്തിൽ സ്വയം പര്യാപ്തത, ജനാധിപത്യം, സമത്വം എന്ന ലക്ഷ്യത്തിലേക്ക് എത്തിച്ചേരൽ, സാമൂഹ്യനീതി, സംസ്ഥാന സർക്കാരിന്റെ നയങ്ങൾക്കനുസരിച്ചും, ഭരണഘടനയ്ക്ക് വിധേയമായും സാമ്പത്തികാഭിവൃദ്ധി, ശാസ്ത്ര സാങ്കേതിക വികസനം, ആരോഗ്യസുരക്ഷ എന്നീ കാര്യങ്ങളിൽ കൂടി സഹകരണ മേഖലയെ ശക്തമാക്കുന്നതിന് 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ ആമുഖത്തിൽ ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിക്കുന്നു.<br>2. സഹകരണ മേഖലയിലെ പരാതികൾ പരിഹരിക്കുന്നതിന് സഹകരണ ഓംബുഡ്സ്മാൻ ഡയറക്ടർ ഓഫ് |

കോ-ഓപ്പറേറ്റീവ് ആഡിറ്റ്, അപെക്സ് സെൻട്രൽ ഫെഡറൽ സഹകരണ സംഘങ്ങളിൽ ഗവൺമെന്റിന് അംഗത്വം പലവക സംഘങ്ങൾ എന്നിവ നിർവചനത്തിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഭേദഗതി.

3. പ്രൈമറി അഗ്രികൾച്ചറൽ സഹകരണ സംഘങ്ങൾ എന്ന നിർവചനത്തിൽ 'സർക്കാർ' നിശ്ചയിക്കുന്ന നിശ്ചിത നിരക്കിൽ കാർഷികാവശ്യത്തിന് വായ്പ നൽകണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനുള്ള ഭേദഗതിയും അർബൻ ബാങ്കുകളെ സംബന്ധിക്കുന്ന നിർവചനത്തിലെ ഭേദഗതിയും

4. ഗവണമെന്റിന് സഹകരണ നിയമങ്ങളിൽ അംഗത്വം നൽകാനുള്ള ഭേദഗതി.

5. അംഗങ്ങളുടെയും, പൊതുജനങ്ങളുടെയും താൽപര്യ സംരക്ഷണാർത്ഥം സർക്കാരിനും രജിസ്ട്രാർക്കും സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിൽ ഇടപെടാനും നിയന്ത്രിക്കാനുമുള്ള അധികാരം നൽകുന്ന വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഭേദഗതി.

6. പ്രാഥമിക സഹകരണ സംഘങ്ങളുടെ ഭരണസമിതി അംഗങ്ങളുടെ പരമാവധി അംഗസംഖ്യ 15-ൽ നിന്നും 13 ആയി കുറച്ചുകൊണ്ടും പ്രാഥമിക വായ്പാ സംഘത്തിന്റെയും അർബൻ സഹകരണ ബാങ്കിന്റെയും ഭരണസമിതിയിലേക്ക് 10,000/- രൂപയിൽ കൂടുതൽ നിക്ഷേപമുള്ള അംഗ നിക്ഷേപകന് ഒരു സീറ്റ് സംവരണം ചെയ്തുകൊണ്ടുമുള്ള ഭേദഗതി.

7. സഹകരണ സംഘം ഭരണസമിതിയിലെ ആകെ സീറ്റിൽ രണ്ടെണ്ണം

വനിതകൾക്കായി സംവരണം ചെയ്തുകൊണ്ടും, ഭരണ സമിതിയിൽ വനിതാ/ പട്ടികജാതി പ്രാധിനിധ്യം ഇല്ലാത്ത സഹകരണ സംഘങ്ങളിൽ സർക്കാരിനോ രജിസ്ട്രാർക്കോ ടി വിഭാഗത്തിൽ നിന്ന് ഭരണ സമിതിയിലേക്ക് നാമനിർദ്ദേശം ചെയ്യുവാനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഭേദഗതി.

8. അർബൻ സഹകരണ ബാങ്കുകളിലെ ഭരണസമിതിയിൽ ആകെ സീറ്റിൽ രണ്ടെണ്ണം ബാങ്കിംഗിൽ പരിചയ സമ്പന്നരും, പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യത ഉള്ളവരുമായവർക്ക് സംവരണം ചെയ്തുകൊണ്ടുള്ള ഭേദഗതി.

9. പ്രാതിനിധ്യ പൊതു സഭയിലേക്കുള്ള തെരഞ്ഞെടുപ്പ് കൂടി നടത്തുന്നതിന് സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പു കമ്മീഷന് ചുമതല നൽകിക്കൊണ്ടുള്ള ഭേദഗതി.

10. അപഹരണം, നഷ്ടം വരുത്തൽ, ദുർനടപടി, നശിപ്പിക്കൽ, നടപടിദൂഷ്യം, രേഖകൾ നശിപ്പിക്കൽ എന്നീ കാരണങ്ങളാൽ പുറത്താക്കപ്പെടുന്ന ഭരണസമിതി അംഗങ്ങളെ അടുത്ത രണ്ട് തുടർച്ചയായ ഭരണകാലയളവിലേക്ക് ഭരണസമിതിയിലേക്ക് മത്സരിക്കുന്നതിനും, അഡ്മിനിസ്ട്രേറ്റർ ആകുന്നതിന് നാമനിർദ്ദേശം ചെയ്യുന്നതിനും അയോഗ്യത കൽപ്പിക്കുന്ന ഭേദഗതി.

11. ഒരു ഭരണസമിതിയുടെ കാലാവധി അവസാനിച്ചശേഷം പുതിയ ഭരണസമിതി നിലവിൽ വരാത്ത സാഹചര്യത്തിൽ നിയമിക്കപ്പെടുന്ന 3 പേരടങ്ങുന്ന അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയിൽ ഒരാൾ കൺവീനർ ആയിരിക്കുമെന്ന വ്യവസ്ഥ.

12. അർബൻ സഹകരണ ബാങ്കുകൾക്ക്

കൂടി ഗഹാൻ പദ്ധതി ബാധകമാക്കി ക്കൊണ്ടുള്ള ഭേദഗതി.

13. ജാമ്യക്കാരുടെ ശമ്പളത്തിൽ നിന്നും വായ്പാതുക കുടിശ്ശിക ഈടാക്കുന്നതിനു മുമ്പായി ജാമ്യക്കാർക്ക് അറിയിപ്പ് നൽകിയിരിക്കണമെന്ന വ്യവസ്ഥ.

14. സംഘങ്ങൾക്ക് നൽകുന്ന ധനസഹാ യത്തിൽ ഗവൺമെന്റിലേക്ക് കിട്ടാനുള്ള കുടിശ്ശികയിൻമേൽ തിരുമാനമെടുക്കാൻ ഗവൺമെന്റിന് അധികാരം നൽകി കൊണ്ടുള്ള വ്യവസ്ഥ.

15. കോ-ഓപ്പറേറ്റീവ് റിസ്ക് ഫണ്ട് പദ്ധതി നിയമത്തിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഭേദഗതി വ്യവസ്ഥ.

16. പൊതുജനങ്ങളുടെ താൽപര്യത്തി നായി സർക്കാർ നയം നടപ്പിലാക്കുന്ന തിന്റെ ഭാഗമായി സഹകരണ സംഘങ്ങൾക്ക് പൊതു നിർദ്ദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകാൻ രജിസ്ട്രാർക്ക് അധികാരം നൽകി കൊണ്ടുള്ള വ്യവസ്ഥ

17. സംഘങ്ങൾക്കുണ്ടാകുന്ന നഷ്ടം ഉത്തരവാദികളായവരിൽ നിന്നും ഈടാക്കിയെടുക്കുന്നതിന് നടപടികൾ കൈക്കൊള്ളാൻ രജിസ്ട്രാർക്ക് അധികാരം നൽകുന്ന വ്യവസ്ഥ

18. സഹകരണ മേഖലയിൽ പരാതികൾക്ക് പരിഹാരം കാണുവാനായി കോ-ഓപ്പറേറ്റീവ് ഓംബുഡ്സ്മാൻ രൂപീകരിക്കുവാനുള്ള വ്യവസ്ഥ

19. നഷ്ടത്തിലല്ലാത്ത എല്ലാ സഹകരണ സ്ഥാപനങ്ങളിലും ലൈബ്രറികൾ സ്ഥാപിക്കുവാനുള്ള വ്യവസ്ഥ

20. അഴിമതി, ക്രമക്കേട് എന്നിവ യിൻമേൽ ക്രമിനൽ നടപടികൾ സ്വീകരിക്കുവാൻ / വിജിലൻസ്

| | | | |
|---|---|---|---|
| | | | ഓഫീസർക്ക് കൂടുതൽ അധികാരം നൽകിക്കൊണ്ടുള്ള വ്യവസ്ഥ<br>21. സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ 3% തസ്തികകൾ വികലാംഗർക്ക് സംവരണം ചെയ്യുവാനുള്ള വ്യവസ്ഥ . |
| (സി) | സഹകരണ സംഘങ്ങളെ നയിക്കുന്നതിലും നിയന്ത്രിക്കുന്നതിലും അവയുടെ ഭരണ സമിതിക്കുള്ള അവകാശാധികാരങ്ങളെ നിയന്ത്രിക്കാൻ ഉദ്ദേശ്യമുണ്ടോ ; | (സി) | ഭരണസമിതിയുടെ നിലവിലുള്ള അവകാശാധികാരങ്ങളെ നിയന്ത്രിക്കുവാൻ ഉദ്ദേശിക്കുന്നില്ല. |
| (ഡി) | എങ്കിൽ എപ്രകാരമെന്നു വെളിപ്പെടുത്തുമോ ? | (ഡി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 131 15.09.2009 ൽ മറുപടിയ്ക്ക്

# വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി<br>ശ്രീമതി ജെ. അരുന്ധതി<br>ശ്രീ. കെ. വി. കുഞ്ഞിരാമൻ<br>ശ്രീ. ജോർജ് എം. തോമസ് | ശ്രീ.എ.കെ.ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) വൈദ്യുതി മേഖലയിലെ പ്രതിസന്ധി നേരിടാൻ ഹ്രസ്വകാല, ദീർഘകാല നടപടികൾ സ്വീകരിച്ചുവരുന്നു.<br>ഹ്രസ്വകാല നടപടികൾ- ഗാർഹിക ഉപഭോക്താക്കൾക്ക് സാധാരണ ബൾബുകൾക്ക് പകരം ഊർജ്ജക്ഷമത കൂടിയ സി.എഫ്. ബൾബുകൾ ഉപയോഗിക്കുന്നതിനെക്കുറിച്ച് ബോധവത്ക്കരിക്കുകയും തെരഞ്ഞെടുത്ത ഉപഭോക്താക്കൾക്ക് 10 ലക്ഷം സി.എഫ്. ബൾബുകൾ സൗജന്യമായി നൽകുകയും, എല്ലാ ഉപഭോക്താക്കൾക്കും കുറഞ്ഞ വിലയ്ക്ക് സി.എഫ്. ബൾബുകൾ ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. പത്രദൃശ്യമാധ്യമങ്ങളിലൂടെ ഊർജ്ജ സംരക്ഷണ നടപടികളെക്കുറിച്ച് ജനങ്ങളെ ബോധവത്ക്കരിക്കുക എന്നീ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ വിലകൂടിയ വൈദ്യുതി ട്രേഡറിൽ നിന്നും വാങ്ങി കമ്മി പരിഹരിക്കാനും നടപടികൾ സ്വീകരിച്ചു വരുന്നു.<br>ദീർഘകാല നടപടികൾ- നിലവിലുള്ള വൈദ്യുത പ്രതിസന്ധിക്ക് സ്ഥായിയായി പരിഹാരം ഉണ്ടാകുന്നതിന് വേണ്ടി 11ാം പദ്ധതിക്കാലത്ത് ആകെ 610.15 |

| | |
|---|---|
| | MW/1719.39 Mu ൻെറ 30 പദ്ധതികളാണ് ബോർഡ് വിഭാവനം ചെയ്തു നടപ്പിൽ വരുത്തുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ 2400 MW സ്ഥാപിത ശേഷിയുള്ള കൽക്കരി അധിഷ്ഠിത തെർമ്മൽ ജനറേറ്റിങ്ങ് സ്റ്റേഷൻ സ്ഥാപിക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഒറീസയിൽ അനുവദിച്ച കൽക്കരി ഖനിയിൽ നിന്നും ലഭിക്കുന്ന കൽക്കരി ഖനനം ചെയ്യാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഇതോടൊപ്പം പ്രസരണ മേഖലയെ കൂടുതൽ സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും നിർമ്മിച്ച് ശക്തിപ്പെടുത്തുകയും ചെയ്യുന്നു. കൂടാതെ കേന്ദ്ര വൈദ്യുതി നിലയങ്ങളിൽ നിന്നും കേരളത്തിന് അർഹമായ വിഹിതം ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) കേന്ദ്ര വിഹിതമായി ലഭിക്കേണ്ട വൈദ്യുതിയിൽ എന്തു മാത്രം വെട്ടിക്കുറവാണ് ഇപ്പോൾ വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) കേന്ദ്ര നിലയങ്ങളിൽ നിന്നും 2006 ഡിസംബറിൽ കേരളത്തിൻെറ വിഹിതമായി 1184 MW ആണ് ലഭിച്ചുകൊണ്ടിരുന്നത്. എന്നാൽ ഈ വിഹിതം പല പല ഘട്ടങ്ങളിലായി വെട്ടിക്കുറച്ച് 29.07.2009 മുതൽ പീക്ക് സമയത്ത് 1016.16 MW ഉം ഓഫ് പീക്ക് സമയത്ത് 1011.35 MW ആയിക്കുറച്ചു. എന്നാൽ ഇപ്പോൾ യഥാർത്ഥ ലഭ്യത 650-700 MW വരെ മാത്രമാണ്. |
| (സി) സംസ്ഥാനത്തെ ജല സംഭരണികളിലെ ജലനിരപ്പ് തൃപ്തികരമാണോ എന്ന് വ്യക്തമാക്കുമോ; | (സി) 07.09.2009 ലെ കണക്കു പ്രകാരം കേരളത്തിലെ ജലവൈദ്യുത പദ്ധതികളിലെ സംഭരണികളിൽ 2734.865 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുവാനുള്ള വെള്ളമുണ്ട്. കഴിഞ്ഞ വർഷം ഇതേ സമയം 2309.665 ഉത്പാദിപ്പിക്കുവാനുള്ള വെള്ളമാണ് സംഭരണികളിൽ ഉണ്ടായിരുന്നത്. |

(ഡി) സംസ്ഥാനത്തെ വൈദ്യുതി പദ്ധതികളിലെ ഉല്പാദനം വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ഡി) ജനറേറ്ററുകളുടെ ലഭ്യതയും നീരൊഴുക്കും അനുസരിച്ച് സംസ്ഥാനത്തെ പദ്ധതികളിലെ ഉത്പാദനം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇടുക്കി, ശബരിഗിരി, ഇടമലയാർ എന്നീ വലിയ റിസർവോയറുകളിൽ കൂടുതൽ ജലം സംഭരിക്കത്തക്കവിധവും മറ്റുള്ളവയിൽ കഴിയുന്നത്ര ഉത്പാദനം നടത്തിയും ആണ് ജലവൈദ്യുതിയുടെ ഉത്പാദനം നടത്തുന്നത്. കെ.എസ്.ഇ.ബി.യുടെ അധീനതയിലുള്ള പവർ സ്റ്റേഷനുകളിൽ നിന്നുള്ള ആകെ പ്രതിദിന ശരാശരി ഉത്പാദനത്തിൽ ആഗസ്റ്റ് 2009 ൽ ജൂൺ 2009, ജൂലൈ 2009 എന്നീ മാസങ്ങളിലെക്കാൾ നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കെ.എസ്.ഇ.ബി.യുടെ കീഴിലുള്ള വൈദ്യുത പദ്ധതികളിൽ ജൂൺ, ജൂലൈ ആഗസ്റ്റ് മാസങ്ങളിലെ പ്രതിദിനശരാശരി ഉത്പാദനം താഴെ നൽകിയിരിക്കുന്നു.

| | പ്രതിദിനശരാശരി ഉത്പാദനം മില്ല്യൺ യൂണിറ്റിൽ | | |
|---|---|---|---|
| | ജൂൺ 2009 | ജൂലൈ 2009 | ആഗസ്റ്റ് 2009 |
| ജലവൈദ്യുത പദ്ധതികൾ | 13.910 | 17.997 | 18.120 |
| താപവൈദ്യുത് പദ്ധതികൾ | 1.094 | 1.0038 | 1.332 |
| കാറ്റിൽ നിന്നുള്ള പദ്ധതി | 0.0061 | 0.0074 | 0.0066 |
| ആകെ | 15.0101 | 19.0082 | 19.4586 |

(ഇ) വൈദ്യുതി മേഖലയിലെ പ്രതിസന്ധി നേരിടുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

(ഇ) വൈദ്യുതി മേഖലയിലെ പ്രതിസന്ധി നേരിടാൻ ഹ്രസ്വകാല, ദീർഘകാല നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ഹ്രസ്വകാല നടപടികൾ:</u> ഗാർഹിക ഉപഭോക്താക്കൾക്ക് സാധാരണ ബൾബുകൾക്ക് പകരം ഊർജ്ജക്ഷമത കൂടിയ സി.എഫ്. ബൾബുകൾ ഉപയോഗിക്കുന്നതിനെക്കുറിച്ച് ബോധവത്ക്കരിക്കുകയും തെരഞ്ഞെടുത്ത ഉപഭോക്താക്കൾക്ക് 10 ലക്ഷം സി.എഫ്. ബൾബുകൾ സൗജന്യമായി നൽകുകയും,

എല്ലാ ഉപഭോക്താക്കൾക്കും കുറഞ്ഞ വിലയ്ക്ക് സി.എഫ്. ബൾബുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പത്രദൃശ്യമാധ്യമങ്ങളിലൂടെ ഊർജ്ജ സംരക്ഷണ നടപടികളെക്കുറിച്ച് ജനങ്ങളെ ബോധവത്ക്കരിക്കുക എന്നീ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ വിലകൂടിയ വൈദ്യുതി ട്രേഡറിൽ നിന്നും വാങ്ങി കമ്മി പരിഹരിക്കാനും നടപടികൾ സ്വീകരിച്ചു വരുന്നു.

<u>ദീർഘകാല നടപടികൾ:</u> നിലവിലുള്ള വൈദ്യുത പ്രതിസന്ധിക്ക് സ്ഥായിയായി പരിഹാരം ഉണ്ടാകുന്നതിന് വേണ്ടി 11ാം പദ്ധതിക്കാലത്ത് ആകെ 610.15 MW/1719.39 Mu ന്റെ 30 പദ്ധതികളാണ് ബോർഡ് വിഭാവനം ചെയ്തു നടപ്പിൽ വരുത്തുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ 2400 MW സ്ഥാപിത ശേഷിയുള്ള കൽക്കരി അധിഷ്ഠിത തെർമ്മൽ ജനറേറ്റിങ്ങ് സ്റ്റേഷൻ സ്ഥാപിക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഒറീസയിൽ അനുവദിച്ച കൽക്കരി ഖനിയിൽ നിന്നും ലഭിക്കുന്ന കൽക്കരി ഖനനം ചെയ്യാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഇതോടൊപ്പം പ്രസരണ മേഖലയെ കൂടുതൽ സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും നിർമ്മിച്ച് ശക്തിപ്പെടുത്തുകയും ചെയ്യുന്നു. കൂടാതെ കേന്ദ്ര വൈദ്യുതി നിലയങ്ങളിൽ നിന്നും കേരളത്തിന് അർഹമായ വിഹിതം ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

S. [signature]

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 132 — 15-09-2009 ൽ മറുപടിക്ക്

റോഡ് അപകടങ്ങൾ ഒഴിവാക്കുവാനോ/കുറയ്ക്കുവാനോ സ്വീകരിച്ച നടപടികൾ

ചോദ്യം:
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ.എൻ.ശക്തൻ :
ശ്രീ.വി.ഡി.സതീശൻ :

ഉത്തരം
ശ്രീ. ജോസ് തെറ്റയിൽ
(ഗതാഗത വകുപ്പുമന്ത്രി)

(എ). റോഡ് അപകടങ്ങൾ ഒഴിവാക്കുവാനോ/കുറയ്ക്കുവാനോ എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ട് ;

(ബി). വാഹനങ്ങളുടെ ഓവർ സ്പീഡ് ഒഴിവാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(എ). യും (ബി) യും.

റോഡപകടങ്ങൾ കുറയ്ക്കുന്നതിനും ഒഴിവാക്കുന്നതിനും ഉള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും, വിവിധ വകുപ്പുകൾ ഇക്കാര്യത്തിൽ ചെയ്യുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, റോഡു സുരക്ഷാ പ്രവർത്തനങ്ങൾക്കാവശ്യമായ തുക ലഭ്യമാക്കുന്നതിന്, റോഡ് സേഫ്റ്റി അതോറിറ്റിയും, റോഡ് സേഫ്റ്റി ഫണ്ടും രൂപീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും വാഹനപരിശോധനക്കായി പ്രത്യേക മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്. വാഹനങ്ങളുടെ അമിത വേഗത കണ്ടുപിടിക്കാൻ ഡിജിറ്റൽ ക്യാമറയോടുകൂടിയ റഡാറുകൾ ഘടിപ്പിച്ച ഇന്റർസെപ്റ്റർ വാഹനങ്ങളും, സംസ്ഥാനത്തിന്റെ നാലുസോണുകളിലായി പ്രവർത്തിക്കുന്നുണ്ട്. സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് റോഡുസുരക്ഷാ ക്ളബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂൾ സിലബസിൽ ട്രാഫിക് വിഷയങ്ങൾ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്ന ഡ്രൈവർമാരുടെ ലൈസൻസ് ക്യാൻസൽ ചെയ്യാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. അപകട മേഖലകൾ തിരിച്ചറിഞ്ഞ് അവിടെ സ്പീഡ് ലിമിറ്റ് 40 Kmph ആയി നിജപ്പെടുത്തുവാൻ കേരള റോഡ് സുരക്ഷാ അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്.

| | |
|---|---|
| (സി). റോഡ് സേഫ്റ്റി അതോറിറ്റി ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ; | (സി). റോഡപകടങ്ങൾ കുറയ്ക്കാൻ മോട്ടോർ വാഹന വകുപ്പിനേയും പോലീസ് വകുപ്പിനേയും പൊതുമരാമത്ത് വകുപ്പിനേയും ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ റോഡ് സുരക്ഷാ അതോറിറ്റി ചെയ്തുവരുന്നു. സംസ്ഥാനത്ത് 896 അപകടസാദ്ധ്യതാ മേഖലകൾ കണ്ടെത്തിയിട്ടുണ്ട്. ഈ സ്ഥലങ്ങളിൽ വാണിംഗ് ബോർഡുകൾ , സിഗ്നൽ ലൈറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. നവംബർ ഒന്നാം തീയതി മുതൽ ഒരാഴ്ചക്കാലം റോഡ് സുരക്ഷാ വാരമായി ആചരിക്കാൻ റോഡ് സുരക്ഷാ അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്. മുഖ്യ അപകടമേഖലകളിൽ വൈകിട്ട് മൂന്നു മണിമുതൽ 7 മണിവരെ സ്ഥിരമായി ഒരുപോലീസ് കോൺസ്റ്റബിളിനെ സിഗ്നൽ ബാറ്റൺ സഹിതം നിയമിക്കുവാൻ അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്. ചരക്കു ഗതാഗതം റോഡുകളിൽ നിന്ന് ഒഴിവാക്കി ഉൾനാടൻ ജലപാത വികസിപ്പിച്ച് ഉപയോഗപ്പെടുത്താനുള്ള അതോറിറ്റിയുടെ ശുപാർശ പരിശോധിക്കുന്നതാണ്. കണ്ടെയ്നർ വാഹനങ്ങളുടെ ഗതാഗതം പകൽ സമയത്ത് നിരോധിക്കുവാനും അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) പ്രസ്തുത അതോറിറ്റി ഏറ്റവും ഒടുവിൽ യോഗം ചേർന്നതെന്നാണെന്ന് വ്യക്തമാക്കുമോ ? | (ഡി). 26..08..2009-ൽ |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 133      15.09.2009 ൽ മറുപടിയ്ക്ക്

## വിദൂര ഗ്രാമവൈദ്യുതീകരണ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. രാജാജി മാത്യു തോമസ്<br>ശ്രീ. എൻ. അനിരുദ്ധൻ<br>ശ്രീ. പള്ളിപ്രം ബാലൻ<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ. കെ. രാജു | ശ്രീ.എ.കെ.ബാലൻ<br>(പട്ടികസമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) പാരമ്പര്യേതര ഊർജ്ജ മേഖലയിൽ ഏതെല്ലാം പദ്ധതികളാണ് കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) പാരമ്പര്യേതര ഊർജ്ജമേഖലയുടെ പരിധിയിൽ വരുന്ന പദ്ധതികളൊന്നും കെ.എസ്.ഇ.ബി. യിൽ നിന്നും കേന്ദ്രാനുമതിയ്ക്കായി ഇപ്പോൾ സമർപ്പിച്ചിട്ടില്ല. എന്നാൽ അനെർട്ടിന്റെ കീഴിലുള്ള സോളാർ സിറ്റി പദ്ധതിയ്ക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. പൂർണ്ണ അംഗീകാരത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മറ്റു പദ്ധതികളുടെ വിശദാംശം അനുബന്ധം ആയി ചേർത്തിട്ടുണ്ട്. |
| (ബി) വിദൂരഗ്രാമ വൈദ്യുതീകരണ പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതി ഏതെല്ലാം ജില്ലകളിൽ നടപ്പാക്കും; ഇതിന് എത്ര തുക കേന്ദ്ര സഹായം ലഭിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) ഉണ്ട്. തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർകോട് എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതിയ്ക്ക് 4,79,95,000/- രൂപ കേന്ദ്ര സഹായമാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ 3,35,96,000/- രൂപ ലഭിച്ചിട്ടുണ്ട്. |

| | |
|---|---|
| (ബി) സംസ്ഥാനത്ത് ഊർജ്ജ മാനേജ്മെ (സി) ന്റ് അനുവദിക്കണമെന്ന് കേന്ദ്ര ത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ? | ഉണ്ട്. EMC യിൽ ഊർജ്ജ മാനേജ്മെൻറ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ അധിക കേന്ദ്ര സഹായമായി കേന്ദ്ര സർക്കാർ 2 കോടി അനുവദിച്ചിട്ടുണ്ട്. ഇതിനായി തിരുവനന്ത പുരം ശ്രീകാര്യത്ത് 5 ഏക്കർ സർക്കാർ ഭൂമി അനുവദിച്ചു നൽകിയിട്ടുണ്ട്. അതിൽ ഇൻസ്റ്റിറ്റ്യൂട്ടിൻെറ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. |

(signature)

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ് -

# പന്ത്രണ്ടാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:134 — 15-9-2009 ൽ മറുപടിയ്ക്ക്

## വൈദ്യുതിയുടെ ഉല്പാദനവും വിതരണവും

ചോദ്യം

ശ്രീ. ബാബു പോൾ
,, എൻ. രാജൻ
,, കെ. അജിത്
,, മാങ്കോട് രാധാകൃഷ്ണൻ
,, വി.എസ്. സുനിൽ കുമാർ

മറുപടി

ശ്രീ. എ.കെ. ബാലൻ
(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്ത് പ്രതിദിനം ആവശ്യമായ വൈദ്യുതിയുടെ അളവ് എത്രയെന്ന് വ്യക്തമാക്കുമോ;

എ) 2009 ആഗസ്റ്റ് മാസത്തെ കണക്കനുസരിച്ച് സംസ്ഥാനത്ത് പ്രതിദിനം ശരാശരി 44.99 MU വൈദ്യുതി ആവശ്യമായിരുന്നു.

ബി) ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ എത്ര വൈദ്യുതി ഉത്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; ഇതിൽ എത്ര വൈദ്യുതി ഉത്പാദിപ്പിച്ചുവെന്ന് വ്യക്തമാക്കുമോ;

ബി) സംസ്ഥാനത്തെ വൈദ്യുതി പദ്ധതികളിലെ ഉത്പാദനവും ലക്ഷ്യവും താഴെ പറയുന്നു.

| | വൈദ്യുതി ഉത്പാദന ലക്ഷ്യം (MU) | ഉത്പാദിപ്പിച്ചത് (MU) |
|---|---|---|
| ജൂൺ | 752.88 | 687.91 |
| ജൂലൈ | 719.00 | 778.85 |
| ആഗസ്റ്റ് | 811.49 | 804.224 |

സി) സംസ്ഥാനത്ത് എത്ര ദിവസത്തേയ്ക്ക് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളം ഇപ്പോൾ വിവിധ ഡാമുകളിലുണ്ടെന്ന് വ്യക്തമാക്കുമോ;

സി) 07.09.2009 ലെ കണക്കു പ്രകാരം കേരളത്തിലെ ജലവൈദ്യുത പദ്ധതികളിലെ സംഭരണികളിൽ 2734.865 ദശലക്ഷം യൂണിറ്റ് ഉത്പാദിപ്പിക്കാനുള്ള വെള്ളമുണ്ട്. ഇത് ഏകദേശം 120 ദിവസത്തേയ്ക്ക് വരും.

ഡി) പ്രതിദിനം കേന്ദ്ര വിഹിതമായി സംസ്ഥാനത്തിന് ലഭിക്കേണ്ട വൈദ്യുതിയുടെ അളവെത്ര, ഇപ്പോൾ പ്രതിദിനം എത്ര വൈദ്യുതി വീതം ലഭിക്കുന്നുണ്ട്; ഈ കുറവ് പരിഹരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഡി) 24 MU വരെ കേന്ദ്ര വിഹിതമായി ലഭിക്കേണ്ടതാണ്. എന്നാൽ ആഗസ്റ്റ് മാസത്തിൽ ശരാശരി പ്രതിദിനം 15.48 MU ആണ് കേന്ദ്ര വിഹിതമായി ലഭിച്ചത്. എന്നാൽ പവ്വർ എക്സ്ചേഞ്ചുകൾ വഴിയും പവ്വർ ട്രേഡിംഗ് കമ്പനികൾ മുഖേനയും വിലകൂടിയ വൈദ്യുതി വാങ്ങിയും സംസ്ഥാനത്തെ താപവൈദ്യുത നിലയങ്ങളിൽ നിന്നും പരമാവധി വൈദ്യുതി ഉത്പാദിപ്പിച്ചും ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള ഉത്പാദനം ക്രമീകരിച്ചുമാണ് വൈദ്യുതി ആവശ്യകതയും ലഭ്യതയും തമ്മിലുള്ള കുറവ് നികത്തുന്നത്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:135 15-9-2009 ൽ മറുപടിയ്ക്ക്

## കെ.എസ്.ഇ.ബി. കമ്പനിയാക്കാനുള്ള നടപടികൾ

| ചോദ്യം<br>ശ്രീ. പി.സി. വിഷ്ണുനാഥ് | മറുപടി<br>ശ്രീ. എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
|---|---|
| എ) കെ.എസ്.ഇ.ബി. കമ്പനിയാക്കാനുള്ള എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചു; കെ.എസ്.ഇ.ബി. എന്നു മുതൽ കമ്പനിയായി തീരുമെന്ന് വ്യക്തമാക്കാമോ; | എ) കെ.എസ്.ഇ.ബി.യെ സംസ്ഥാന സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ഒരു പൊതുമേഖലാ കമ്പനിയാക്കി നിലനിർത്താനുള്ള സർക്കാർ തീരുമാന പ്രകാരം കെ.എസ്.ഇ.ബി.യുടെ മുഴുവൻ ആസ്തി ബാധ്യതകളും, ജീവനക്കാരെയും സംസ്ഥാന സർക്കാർ ഏറ്റെടുത്തുകൊണ്ടു 2008 സെപ്തംബർ 25 ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതുപ്രകാരം സർക്കാരിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ആസ്തി ബാധ്യതകൾ 2009 സെപ്തംബർ 30 ന് മുമ്പ് ഒരു കമ്പനിയിലേക്ക് കൈമാറ്റം ചെയ്യുമെന്നു ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് പുതിയ കമ്പനി രജിസ്റ്റർ ചെയ്യാനും ആസ്തി ബാധ്യതകൾ കമ്പനിയിലേക്ക് കൈമാറ്റം ചെയ്യാനുമുള്ള നടപടികൾ സർക്കാരും ബോർഡും കൈക്കൊണ്ടു വരുന്നു. |
| ബി) കെ.എസ്.ഇ.ബി. കമ്പനിയാകുമ്പോൾ അതിന്റെ ആസ്തി എത്രയെന്ന് ഇനം തിരിച്ചു പറയുമോ; പുതിയ കമ്പനിയുടെ ബാദ്ധ്യതകൾ എത്ര വരുമെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | ബി) ആസ്തി ബാധ്യതകളുടെ കണക്കുകൾ തിട്ടപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. |
| സി) കെ.എസ്.ഇ. ബോർഡിനെ കമ്പനിയാക്കുമ്പോൾ അതിനു നൽകുന്ന പേരെന്താണ്; | സി) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന പേരു രജിസ്ട്രാർ ഓഫ് കമ്പനീസിന്റെ പരിഗണനയ്ക്കു സമർപ്പിക്കാൻ ഗവൺമെന്റിന്റെ അംഗീകാരം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | കെ.എസ്.ഇ.ബിയെ കമ്പനിയാക്കുമ്പോൾ കെ.എസ്.ഇ ബോർഡിൽ നിന്ന് നേരത്തെ റിട്ടയർ ചെയ്തവർക്ക് പെൻഷൻ നൽകുന്നതു സംബന്ധിച്ച സ്കീമിനു രൂപം നൽകിയിട്ടുണ്ടോ; ഇതിനുവേണ്ടി ഒരു പെൻഷൻ ഫണ്ട് രൂപീകരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനാവശ്യമായ ഫണ്ട് സമാഹരിക്കുന്നതു സംബന്ധിച്ച വിശദാംശം നൽകുമോ; എത്ര കോടി രൂപയുടെ പെൻഷൻ ഫണ്ടാണ് രൂപീകരിക്കുന്നത് എന്നു വ്യക്തമാക്കുമോ; | ഡി) & (ഇ) | ആസ്തി ബാധ്യതകൾ പുതിയ കമ്പനിയിലേക്ക് കൈമാറ്റം ചെയ്യുന്നതിനുള്ള സ്കീം ഗവൺമെന്റിന്റെ പരിഗണനയിലാണ്. |
| ഇ) | പ്രസ്തുത പെൻഷൻകാർക്ക് ഭാവിയിൽ പെൻഷൻ മുടങ്ങാതിരിക്കുവാൻ ഗ്യാരന്റി നൽകാൻ ഉദ്ദേശമുണ്ടോ; ഇതിനു വേണ്ടി ഒരു കരാറിൽ സർക്കാർ ഒപ്പു വയ്ക്കുന്നുണ്ടോ; | | |
| എഫ്) | കെ.എസ്.ഇ. ബോർഡിനെ കമ്പനിയാക്കുമ്പോൾ അതിനെ പൊതു മേഖലയിൽത്തന്നെ നിലനിർത്തി സംരക്ഷിക്കുമോ; അതിനായി നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കുമോ? | എഫ്) | കെ.എസ്.ഇ. ബോർഡിനെ കമ്പനിയാക്കുമ്പോൾ അതിനെ പൊതുമേഖലയിൽത്തന്നെ നിലനിർത്താനാണ് ഉദ്ദേശിക്കുന്നത് നിയമനിർമ്മാണം ആവശ്യമില്ല. |

S. [signature]

സെക്ഷൻ ഓഫീസർ

# കേരള നിയമസഭ

## 15.09.2009 ന് മറുപടിയ്ക്ക്

## കെ.എസ്.ഇ. ബി.. കമ്പനിയാക്കാനുള്ള നടപടികൾ

## *135 നമ്പർ ചോദ്യം

## വിശദീകരണക്കുറിപ്പ്

കെ.എസ്.ഇ.ബിയുടെ പുനഃസംഘടനാ നടപടികളിൽ സംസ്ഥാന സർക്കാരിനെയും ബോർഡിനെയും സഹായിക്കുന്നതിന് PFC Consulting Ltd. എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തെ കൺസൾട്ടൻറായി നിയമിച്ചിട്ടുണ്ട്. അവർ തയ്യാറാക്കി തന്നിട്ടുള്ള ട്രാൻസ്ഫർ സ്കീം ഇപ്പോൾ സർക്കാരിൻെറ പരിഗണനയിലാണ്. ട്രാൻസ്ഫർ സ്കീം നടപ്പിലാക്കുമ്പോൾ അഭിമുഖീകരിക്കേണ്ടി വരുന്ന ഒരു സുപ്രധാന പ്രശ്നം ബോർഡ് ജീവനക്കാരുടെയും പെൻഷൻകാരുടെയും പെൻഷൻ ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ടുള്ളതാണ്. ബോർഡിൽ നിലവിലുള്ള ബാധ്യതകളുടെ (liabilities) കണക്കുകളിൽ പെൻഷൻസംബന്ധിച്ച ബാധ്യതകൾ ഉൾപ്പെടുന്നില്ല. അതായത് പെൻഷൻ ബാധ്യത ഒരു unaccounted unfunded liability ആയാണ് ഇന്ന് നിലനിൽക്കുന്നത്. പെൻഷൻ ബാധ്യതാകണക്കുകളിൽ ഉൾപ്പെടേണ്ട ഘടകങ്ങൾ പ്രധാനമായും താഴെപറയുന്നവയാണ്.

1. നിലവിലുള്ള പെൻഷൻകാർക്ക് ഭാവിയിൽ തുടർന്നും പെൻഷൻ കൊടുക്കുന്നതിനുള്ള ബാധ്യത.
2. നിലവിലുള്ള ഫാമിലിപെൻഷൻകാർക്കുള്ള ബാധ്യത
3. നിലവിലുള്ള ജീവനക്കാരുടെ പെൻഷൻ ബാധ്യത
4. നിലവിലുള്ള ജീവനക്കാർക്ക് ഗ്രാറ്റ്വുറ്റി നൽകുന്നതിനുള്ള ബാധ്യത
5. നിലവിലുള്ള ജീവനക്കാർക്ക് ടെർമിനൽ ലീവ് സറണ്ടർ നൽകുന്നതിനുള്ള ബാധ്യത.

ഇതിനുപുറമേ കണക്കുകളിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുള്ള പ്രോവിഡൻറ് ഫണ്ട് ബാധ്യതയും കൈകാര്യം ചെയ്യേണ്ടതുണ്ട്. ഇവ കണക്കുകളിൽ ഉണ്ടെങ്കിലും 1983ലെ സർക്കാർ ഉത്തരവനുസരിച്ച് പ്രോവിഡൻറ് ഫണ്ടു തുക ബോർഡിൻെറ ഇൻേറർണൽ റിസോർസ് ആയി ഉപയോഗിച്ചു വരുന്നതിനാൽ പ്രോവിഡൻറ്ഫണ്ടുമായി ബന്ധപ്പെട്ട ബാധ്യതകളും ഇപ്പോൾ unfunded ആണ്. ഇത്രയും ബാധ്യതകൾ കണക്കാക്കി, ട്രാൻസ്ഫർ സ്കീമിൽ ഉൾപ്പെടുത്തി, പെൻഷൻ വിതരണത്തിനായി ഭദ്രതയുള്ള ഒരു സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്. ഈ സംവിധാനത്തിനുള്ള കരടുരൂപരേഖയാണ് കൺസൾട്ടൻറ്സ് ഇപ്പോൾ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്. അതനുസരിച്ച് 31.03.2009ന് ഒട്ടാകെ 3649.95 കോടി രൂപയുടെ ബാധ്യതയാണ് ആക്ച്വറിയൽ വാല്വേഷനിലൂടെ കൺസൾട്ടൻറ്സ് കണക്കാക്കിത്തന്നിട്ടുള്ളത്.

| | | |
|---|---|---|
| നിലവിലുള്ള പെൻഷൻകാർക്ക് | : | 1852.22 |
| ഫാമിലി പെൻഷൻകാർക്ക് | : | 292.64 |
| നിലവിലുള്ള ജീവനക്കാർക്ക് | : | 1162.36 |
| ഗ്രാറ്റ്വുറ്റി | : | 142.73 |
| ലീവ് സറണ്ടർ(ഏകദേശം) | : | 200.00 |
| ആകെ | : | 3649.95 കോടി |

ബോർഡിൻെറതുടക്കം മുതൽ (അതായത് 1957 മുതൽക്ക്) ഇതിലേയ്ക്ക് ഒരുതുക മാറ്റിവച്ചിരുന്നെങ്കിൽ അത് 31.03.2008ന് 3600 കോടിയുള്ള ഒരു ഫണ്ടാക്കി നിലനിൽക്കുമായിരുന്നു. ഈ തുക ബോർഡ് ഇൻേറർണൽ റിസോർസ് ആയി ഉപയോഗിച്ചു എന്നു കണക്കാക്കിയാൽ അത് ആസ്തി-ബാധ്യതകളുടെ കണക്കുകളിൽ പ്രതിഫലിക്കണം.

12-ാം കേരള നിയമസഭ
12-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 136 15.9.2009-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

ചോദ്യം ഉത്തരം

ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. ജോസഫ്.എം.പുതുശ്ശേരി
ശ്രീ.തോമസ് ചാഴികാടൻ

ശ്രീ. ജോസ് തെറ്റയിൽ,
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ലാഭത്തിലാണോ, നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്; എങ്കിൽ പ്രതിദിന ലാഭം/നഷ്ടം എത്ര; | (എ) | കെ.എസ്.ആർ.ടി.സി. പ്രവർത്തന ലാഭത്തിലാണ്. 2009 ജൂൺ മാസത്തിലെ താൽക്കാലിക കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി. യുടെ ഒരു ദിവസത്തെ പ്രവർത്തന ലാഭം 40 ലക്ഷം രൂപയാണ്. എന്നാൽ പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങൾ, മുൻ ബാദ്ധ്യതകൾ തീർക്കുന്നതിനുവേണ്ടി എടുത്ത ലോണിന്റെ പലിശ, മുൻകാല കുടിശ്ശികകൾ എന്നിവ കൂടി കണക്കാക്കുമ്പോൾ പ്രതിദിന നഷ്ടം 52 ലക്ഷം രൂപയാണ്. |
| (ബി) | 2007, 2008 വർഷങ്ങളിലെ ലാഭം/നഷ്ടം എത്ര; | (ബി) | 2006-2007സാമ്പത്തിക വർഷത്തെ കണക്കു മാത്രമേ പൂർത്തിയായിട്ടുള്ളൂ. പ്രസ്തുത കണക്കനുസരിച്ച് നഷ്ടം 155.64 കോടി രൂപയാണ്. താൽക്കാലിക കണക്കനുസരിച്ച് 2007-08 സാമ്പത്തിക വർഷത്തിൽ നഷ്ടം 192.38 കോടി രൂപയാണ്. |
| (സി) | മേൽപ്രകാരം സംഭവിക്കാനുള്ള പ്രധാന കാരണങ്ങൾ എന്തൊക്കെ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ; | (സി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | ശാസ്ത്രീയമായ സർവ്വീസ് നടത്തിപ്പ്, മെയിന്റനൻസ് തുടങ്ങിയവ നടപ്പിൽ വരുത്താൻ സർക്കാർ എന്തൊക്കെ നടപടി കൈക്കൊണ്ടു; | (ഡി) | പുതിയ റൂട്ടുകൾ ആരംഭിക്കുന്നതിന് മുമ്പ് തന്നെ ആ റൂട്ടിൽ ലാഭകരമായി ഓടിക്കുവാൻ കഴിയുമോ എന്ന് വിശദമായ പഠനം നടത്താറുണ്ട്. റൂട്ടിന്റെ പ്രാധാന്യം, പ്രദേശത്തുള്ള പ്രധാന സ്ഥാപനങ്ങൾ, സ്വകാര്യ, സമാന്തര സർവ്വീസ്സുകളുടെ എണ്ണം |

| | | | |
|---|---|---|---|
| | | | ഇവയൊക്കെ പരിശോധിക്കുന്നുണ്ട്. കിലോമീറ്ററിന് കുറഞ്ഞത് 20 രൂപയെങ്കിലും ലഭിക്കുമോയെന്ന് ബോദ്ധ്യപ്പെട്ടാൽ മാത്രമെ പ്രസ്തുത റൂട്ടിൽ സർവ്വീസ് ആരംഭിക്കുകയുള്ളൂ ആധുനികവൽക്കരണത്തിന്റെ ഭാഗമായി എല്ലാ യൂണിറ്റുകളിലും ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ സമ്പ്രദായം നടപ്പാക്കിക്കഴിഞ്ഞു. കണ്ടക്ടർക്ക് പെട്ടെന്ന് ടിക്കറ്റ് നൽകുന്നതിനും, സുതാര്യമായ ബസ് ഇൻസ്പെക്ഷനും, പുറമെ സർവ്വീസ് സംബന്ധമായ എല്ലാ വിവരങ്ങളും യൂണിറ്റുകളിലെ കംപ്യൂട്ടറിൽ ശേഖരിക്കുന്നതിനും ഈ സംവിധാനംമൂലം പ്രയോജനപ്പെടുന്നുണ്ട്. ബാംഗ്ലൂർ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട ബസ് സ്റ്റേഷൻ കൗണ്ടറുകളിൽ ഓൺ-ലൈൻ സംവിധാനം ഇതിനകം ഏർപ്പെടുത്തി കഴിഞ്ഞിട്ടുണ്ട്.<br><br>മോട്ടോർ വാഹന നിർമ്മാതാക്കൾ ഓരോ തരം വാഹനങ്ങൾക്കും ഓരോ തരത്തിൽ ശാസ്ത്രീയമായി ചിട്ടപ്പെടുത്തിയ മെയിന്റനൻസ് പ്രക്രിയകളുണ്ട്. കെ.എസ്.ആർ.ടി.സി. ബസ്സുകൾ വാങ്ങുന്ന കമ്പനികളായ ടാറ്റ, ലൈലാൻഡ് എന്നീ കമ്പനികൾ അവർ വിതരണം ചെയ്ത ബസ്സുകളുടെ മെയിന്റനൻസ് പ്രക്രിയകൾ നൽകപ്പെടുന്നതുസരിച്ചാണ് കെ.എസ്.ആർ.ടി.സി. ബസ്സുകൾ മെയിന്റനൻസ് ചെയ്യുന്നത്. ഈ പ്രക്രിയകൾ പഠിക്കുവാനും, മനസ്സിലാക്കുവാനും വേണ്ടി കെ.എസ്.ആർ.ടി.സി. മെക്കാനിക്കൽ വിഭാഗം ഉദ്യോഗസ്ഥരെ ഈ കമ്പനികളിലും, കൂടാതെ പൂനയിലുള്ള 'സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റോഡ് ട്രാൻസ്പോർട്ടിലും' പരിശീലനത്തിലായി അയക്കുകയും ചെയ്യുന്നുണ്ട്. ഇവർക്ക് കിട്ടിയ പരിശീലനം ഡിപ്പോകളിൽ പ്രാവർത്തികമാക്കുകയും അതനുസരിച്ച് മെയിന്റനൻസ് ചെയ്യുകയും ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ശാസ്ത്രീയമായി മെയിന്റനൻസ് ചെയ്യുന്നതിനുവേണ്ടി വരുന്ന പ്രത്യേകതരം ഉപകരണങ്ങൾ ആവശ്യാനുസരണം വാങ്ങി നൽകുന്നുണ്ട്. വാഹന നിർമ്മാതാക്കളുടെ പരിശീലന പ്രക്രിയകൾ യൂണിറ്റ് തലത്തിൽ ശരിയായ രീതിയിൽ നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി ഏഴ് മേഖലകളായി തിരിച്ച് ഓരോ മേഖലയ്ക്കും ഒരു അസിസ്റ്റന്റ് വർക്സ് മാനേജർ ( മെയിന്റനൻസ്) -നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എല്ലാ യൂണിറ്റുകളിലും മാസത്തിൽ ഒരു തവണ പരിശോധന നടത്തുകയും വീഴ്ച വരുത്തുന്നവരുടെ പേരിൽ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇന്ധനക്ഷമത ഉയർത്തുന്നതിന് വേണ്ടിയുള്ള പരിശീലന പ്രക്രിയകൾ ശാസ്ത്രീയമായി എല്ലാ ഡിപ്പോകളിലും ഒരുപോലെ പ്രാവർത്തികമാക്കുന്നതിനു വേണ്ടി ഒരു മെക്കാനിക്കൽ എൻജിനീയറുടെ കീഴിൽ ഫ്യൂവൽ സെൽ പ്രവർത്തിച്ചുവരുന്നു. |
| (ഇ) | ജീവനക്കാർക്കും/ പെൻഷൻകാർക്കും അവരുടെ സാമ്പത്തികാനുകൂല്യങ്ങൾ യഥാസമയം നൽകുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; | (ഇ) | നിലവിൽ ജീവനക്കാർക്ക് ശമ്പളം കൃത്യമായി അതാതു മാസത്തിന്റെ അവസാന പ്രവൃത്തി ദിവസം തന്നെ നൽകി വരുന്നുണ്ട്. പെൻഷൻകാർക്കും പെൻഷൻ അതാതുമാസം കുടിശ്ശിക ഇല്ലാതെ നൽകിവരുന്നുണ്ട്. ജീവനക്കാർക്കും പെൻഷൻകാർക്കും ആനുകൂല്യങ്ങളിൽ കുറവ് വരുന്നത് ഡി.എ. യുടെ കാര്യത്തിൽ മാത്രമാണ്. പുതുക്കിയ സേവന - വേതന കരാർ പ്രകാരം ഡി.എ. ഘട്ടം ഘട്ടമായി അനുവദിക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. ആയതിന്റെ ആദ്യഗഡുവായി 10 % ഡി. എ. 1-7-2009 മുതൽ ജീവനക്കാർക്കും 1-8-2009 മുതൽ പെൻഷൻകാർക്കും അനുവദിച്ച് നൽകിയിട്ടുണ്ട്. ശമ്പളക്കരാറിൽ ഗവൺമെന്റ് |

| | | | |
|---|---|---|---|
| | | | ജീവനക്കാർക്ക് കാലാകാലങ്ങളിൽ അനുവദിക്കുന്ന ഡി.എ. കെ.എസ്. ആർ.ടി.സി. ജീവനക്കാർക്കും പെൻഷൻകാർക്കും അനുവദിക്കും എന്നും വ്യവസ്ഥയുണ്ട്. പെൻഷൻ പറ്റിയ ജീവനക്കാരുടെ ആനുകൂല്യങ്ങൾ സമയ ബന്ധിതമായി കൊടുത്തു തീർക്കുവാൻ ബഹു. ഹൈക്കോടതി നിർദ്ദേശാനുസരണം മൊത്ത വരുമാനത്തിന്റെ 10 % ട്രഷറിയിൽ ഒരു പ്രത്യേക അക്കൗണ്ടിൽ അടച്ച് അതിൽ നിന്നും പെൻഷൻ ആനുകൂല്യങ്ങൾ പെൻഷൻ പറ്റിയ ദിവസത്തിന്റെ സീനിയോറിറ്റിയിലുമാണ് നൽകിവരുന്നത്. പെൻഷനും, പെൻഷൻ ആനുകൂല്യങ്ങളും ഉൾപ്പടെ നൽകുവാനായി വരുമാനത്തിന്റെ 28% വേണ്ടിവരുന്നുണ്ട്. പ്രതിമാസം 29.30 കോടി രൂപ കമ്മി വരുന്ന ഈ സാമ്പത്തിക സ്ഥിതിയിൽ ജീവനക്കാർക്കും, പെൻഷൻകാർക്കും കൂടുതൽ ആനുകൂല്യങ്ങൾ അനുവദിക്കുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

**പന്ത്രണ്ടാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : T.137** **15.09.2009-ൽ മറുപടിക്ക്**

## പിന്നോക്ക വിഭാഗങ്ങൾക്കുള്ള ക്ഷേമ പദ്ധതികൾ

| ചോദ്യം<br>ശ്രീ . കെ. കുട്ടി അഹമ്മദ് കുട്ടി<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് | ഉത്തരം<br>ശ്രീ.എ. കെ. ബാലൻ<br>(ബഹു. പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി) |
|---|---|
| (എ) പിന്നോക്ക വിഭാഗങ്ങളിലെയും ന്യൂനപക്ഷ വിഭാഗങ്ങളിലെയും വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനും മറ്റ് ആവശ്യങ്ങൾക്കുമായി എന്തൊക്കെ സഹായങ്ങൾ/ പദ്ധതികൾ ആണ് കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്നത് ; വ്യക്തമാക്കുമോ ;<br><br>ബി) പ്രസ്തുത പദ്ധതികൾ ഏതൊക്കെയെന്നും അവയിൽ കേരളത്തിന് ലഭിക്കുന്നത് ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ ; | (എ) & (ബി) പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രീമെട്രിക്കും പോസ്റ്റ് മെട്രിക്കും സ്കോളർഷിപ്പുകൾക്കും ഹോസ്റ്റലുകളുടെ നിർമ്മാണത്തിനുമാണ് കേന്ദ്ര സർക്കാരിന്റെ പദ്ധതികളുള്ളത്. ഇതിൽ ഹോസ്റ്റൽ നിർമ്മാണത്തിന് (50% CSS) കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്. കൂടാതെ 390 ലക്ഷം രൂപ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിനായി 2009-10 വർഷത്തേയ്ക്ക് കേന്ദ്ര സർക്കാർ നീക്കി വച്ചിട്ടുണ്ട്. |
| (സി) ഇത്തരം കേന്ദ്ര പദ്ധതികളുടെ ആനുകൂല്യം കേരളത്തിലെ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ ; | (സി) ടി പദ്ധതി പ്രകാരം കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ ഒ.ബി.സി. വിദ്യാർത്ഥിനികൾക്കായി ഹോസ്റ്റൽ നിർമ്മിച്ച് നൽകിയിട്ടുണ്ട്. കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ ആൺകുട്ടികൾക്കായുള്ള ഹോസ്റ്റൽ നിർമ്മാണ ഘട്ടത്തിലാണ്. എം.ജി. യൂണിവേഴ്സിറ്റിയിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി ഓരോ ഒ.ബി.സി ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിന് കേന്ദ്രവിഹിതം ലഭിച്ചിട്ടുണ്ട്. സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷനെ പ്രസ്തുത ഹോസ്റ്റലുകളുടെ നിർമ്മാണ ചുമതലയേൽപ്പിച്ചിട്ടുണ്ട്. ഒ.ബി.സി, ന്യൂനപക്ഷ സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്കുള്ള സ്കോളർഷിപ്പുകൾക്കുള്ള അപേക്ഷകൾ അർഹരായവരിൽ നിന്നും സ്വീകരിച്ച് സമയ ബന്ധിതമായി കേന്ദ്ര സർക്കാരിനയച്ചു കൊടുത്ത് സ്കോളർഷിപ്പു ലഭ്യമാക്കാനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) വേണ്ട നടപടികൾ സമയത്തു സ്വീകരിക്കാത്തതു കൊണ്ട് നഷ്ടപ്പെട്ട പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ? | (ഡി) യഥാസമയം നടപടികൾ സ്വീകരിക്കാത്തതുകൊണ്ട് പദ്ധതികൾ ഒന്നും കേരളത്തിന് നഷ്ടപ്പെട്ടതായി അറിവില്ല. ഒ.ബി.സി. വിദ്യാർത്ഥികൾക്കായുള്ള സ്കോളർഷിപ്പിനു കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന തുച്ഛമായ തുക സംസ്ഥാനത്തെ ഒ.ബി.സി. വിദ്യാർത്ഥികളുടെ ചെറിയ ഒരു ശതമാനത്തിന് പോലും സ്കോളർഷിപ്പ് അനുവദിക്കാൻ പര്യാപ്തമല്ലാത്തതിനാൽ മേൽ സ്കോളർഷിപ്പ് പദ്ധതികൾ നടപ്പിലാക്കാൻ സംസ്ഥാന സർക്കാരിന് പ്രായോഗിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്.സംസ്ഥാന സർക്കാർ ഒ.ബി.സി. വിദ്യാർത്ഥികൾക്കായി ഇപ്പോൾ നടപ്പിലാക്കി വരുന്ന സ്കോളർഷിപ്പുകൾക്കായി മാത്രം ഈ വർഷം 60 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. കേന്ദ്ര സർക്കാർ നോഷണലായി അനുവദിച്ചിട്ടുള്ളത് കേവലം 390 ലക്ഷം രൂപ മാത്രമാണ്. ഈ തുക വിനിയോഗിച്ച് ഹയർ സെക്കൻഡറി വിഭാഗം വിദ്യാർത്ഥികൾക്കായി ഒരു പ്രത്യേക പദ്ധതി കേന്ദ്ര അനുമതിയോടെ നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. |

(signature)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 138

15.09.2009 - ൽ മറുപടിക്ക്

## കയർ മേഖലയുടെ ആധുനികവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. വിശ്വൻ<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. സി. കെ. സദാശിവൻ<br>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും വകുപ്പു മന്ത്രി) |
| (എ) കയർ മേഖലയുടെ ആധുനിക വൽക്കരണത്തിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (എ) കയർ മേഖലയുടെ ആധുനിക വൽക്കരണത്തിന്റെ ഭാഗമായി 25 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളും 6 വീവിംഗ് യൂണിറ്റുകളും സഹകരണ സംഘങ്ങളിൽ സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ക്ലസ്റ്റർ വികസന പദ്ധതി പ്രകാരവും കൂടുതൽ സ്പിന്നിംഗ് മെഷീനുകളും, വീവിംഗ് മെഷീനുകളും സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ ചിറയിൻകീഴ്, ചേർത്തല, കൊയിലാണ്ടി എന്നീ സ്ഥലങ്ങളിൽ സ്പിന്നിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ട്.. ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് കൂടുതൽ ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനും, നിലവിലുള്ളവയുടെ നവീകരണം / പുനരുദ്ധാരണം / വിപുലീകരണം എന്നിവ നടത്തുന്നതിനും ശാസ്ത്രീയമായ രീതിയിൽ തൊണ്ടു സംഭരണം നടത്തുന്നതിലേയ്ക്കുമായി 2009 - 10 വർഷം 1900 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കയർ മേഖലയ്ക്കാവശ്യമായ യന്ത്രങ്ങൾ നിർമ്മിക്കുന്ന ഒരു ഫാക്ടറി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഫോം മാറ്റിംഗ്സിന്റെ ആഭിമുഖ്യത്തിൽ കയർ കോമ്പോസിറ്റ് ബോർഡ് ഫാക്ടറിയും, കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സങ്കരയാൺ ഫാക്ടറിയും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കയർ മേഖലയുടെ ആധുനിക വൽക്കരണത്തിനും സാങ്കേതിക ഉപദേശ നിർദ്ദേശങ്ങൾക്കും |

NCRMI എന്ന സ്ഥാപനവും പ്രവർത്തിച്ചു വരുന്നു.

(ബി) എല്ലാത്തരം കയറുകളും കയർ ഉല്പന്നങ്ങളും ഉണ്ടാക്കാനുള്ള യന്ത്രങ്ങൾ നിർമ്മിക്കുന്ന ഫാക്ടറി സംസ്ഥാനത്ത് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ: എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ:

(ബി) ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. കയർ മേഖലയ്ക്കാവശ്യമായ യന്ത്ര സാമഗ്രികൾ നിർമ്മിക്കുന്നതിന് ആലപ്പുഴയിൽ ഒരു യന്ത്ര നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള Concept Note NCRMI യുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കുകയും തുടർന്ന് ഫീസിബിലിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിന് INKEL നെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) ഫാക്ടറി ആരംഭിക്കുന്നതിന് എത്ര കോടി രൂപ വേണ്ടിവരും എന്ന് കണക്കാക്കിയിട്ടുണ്ടോ:

(സി) മുപ്പതു കോടി രൂപയാണ് മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്നത്.

(ഡി) സംസ്ഥാന സർക്കാർ കയർ വകുപ്പു വഴിയും എൻ.സി.ആർ.എം.ഐ വഴിയും മറ്റ് ഏജൻസികളെക്കൊണ്ടും ഏതെല്ലാം ഗവേഷണ വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; ഗവേഷണ ഫലം വിശദമാക്കുമോ?

(ഡി) കയർ വികസന വകുപ്പ് ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നത് NCRMI മുഖാന്തിരമാണ്. പ്രസ്തുത സ്ഥാപനം നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

- കയർ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി റബ്ബറിൽ Coir pith filler material ആയി ഉപയോഗിക്കുന്നതിനുവേണ്ടിയുള്ള ഗവേഷണം National Coir Research & Management Institute (NCRMI) ചങ്ങനാശ്ശേരിയിലുള്ള Common Facility Service Centre (CFSC) യുമായി സഹകരിച്ച് നടത്തിയിട്ടുണ്ട്. ഈ ഗവേഷണം വിജയകരമായി പൂർത്തീകരിക്കുകയും Coir pith റബ്ബറിൽ filler material ആയി ചേർത്ത door mat, chapel തുടങ്ങിയ ഉൽപ്പന്നങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ഈ കണ്ടുപിടിത്തത്തിന്റെ patent registration ആയി അപേക്ഷിച്ചിരിക്കുകയാണ് .
- ആയുർവേദ മരുന്നുകൾ അടങ്ങിയ കയർ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ആയുർവേദ മരുന്നുകളുടെ കറ ഉപയോഗിച്ച് നിറം

പിടിപ്പിച്ച കയറുല്പ്പന്നങ്ങൾ കൊണ്ട് അലങ്കരിച്ച മുറികളിൽ രോഗികളെ പാർപ്പിച്ച് ചിലതരം അസുഖങ്ങൾ മാറ്റുന്നതിന് വേണ്ടിയുള്ള ഗവേഷണം NC?MI യും Government Ayurveda College-മായി സഹകരിച്ച് നടത്തിയിട്ടുണ്ട്.

- ❖ NCRMI യും Mumbai-ലെ Central Institute of Research on Cotton Technology യുമായി ചേർന്നുകൊണ്ട് Coir fibre-ന്റെ physical, chemical, mechanical properties - നെ ക്കുറിച്ചുള്ള ഗവേഷണം നടത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി തയ്യാറാക്കി വരുന്ന Data base കയറുപയോഗിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനു വേണ്ടിയുള്ള മാർഗ്ഗരേഖയായി ഉപയോഗിക്കാം.
- ❖ NCRMI യും Kolkatta-ലെ National Institute of Research on Jute and Allied Fibre Technology യുമായി ചേർന്നുകൊണ്ട് Coir-jute Blended yarn പിരിക്കുന്നതിനുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തിട്ടുണ്ട്.
- ❖ കയർമേഖലയിൽ പുതിയ സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിന്റെ ഭാഗമായി കരിക്കിൻതൊണ്ടിൽ നിന്നും ചകിരി വേർതിരിച്ചെടുക്കുന്ന പ്രക്രിയ NCRMI തിരുവനന്തപുരത്തുള്ള Regional Research Laboratory യുമായി സഹകരിച്ച് നടത്തിയിരുന്നു. ഈ ഗവേഷണത്തിന്റെ ഫലമായി തൊണ്ടഴുക്കൽ പ്രക്രിയയിലൂടെയുള്ള പരിസര മലിനീകരണം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ തൊണ്ടഴുക്കൽ പ്രക്രിയയിൽ ഉൽഭവിക്കുന്ന methane gas ഫലപ്രദമായി ഉപയോഗിക്കുവാനുള്ള ഗവേഷണവും നടത്തിയിട്ടുണ്ട്.
- ❖ മൂല്യവർദ്ധിത ഉൽപ്പന്നമായ കയർ കോമ്പസിറ്റ് ബോർഡ് നിർമ്മിക്കുന്നതിനായി ഫോം മാറ്റിംഗ്സിന്റെ ആഭിമുഖ്യത്തിൽ കയർ കോമ്പസിറ്റ് ബോർഡ് ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ഈ

പദ്ധതിയ്ക്കായി 2007-08-ൽ 10 ലക്ഷം രൂപ അനുവദിക്കു കയും ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 200 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

- ❖ ആലപ്പുഴ കയർ ക്ലസ്റ്ററിന്റെ കൂടെ സഹായത്തോടെ കണിച്ചുകുളങ്ങരയിൽ കയർഫെഡിന്റെ സ്ഥലത്ത് മൂല്യവർദ്ധിത ഉൽപ്പന്നമായ PVC tufted unit (പ്രോജക്ട് കോസ്റ്റ്- 10 കോടി രൂപ) ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.
- ❖ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി കയർ ജിയോടെക്സ്റ്റയിൽസ് ഉൽപ്പാദന വുമായി ബന്ധപ്പെട്ട കയർ പിരി സംഘങ്ങളെ ഉൽപ്പാദക സംഘങ്ങളാക്കി മാറ്റുന്ന നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി കയർ തൊഴിലാളികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- ❖ കയറുല്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി ഏകദേശം 15 ൽപ്പരം കയറുല്പന്നങ്ങൾ വിപണന സാധ്യതയുടെ അടിസ്ഥാനത്തിൽ NCRMI നിർമ്മിച്ചെടുത്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

# പന്ത്രണ്ടാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ **139** 15.09.2009 ൽ മറുപടിക്ക്

### സഹകരണ ബാങ്കുകളുടെ സുരക്ഷ ഉറപ്പാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോർജ് എം. തോമസ്<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും, വകുപ്പ് മന്ത്രി) |
| എ) സഹകരണ ബാങ്കുകളുടെ സുരക്ഷ ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; | എ) സഹകരണ ബാങ്കുകളിൽ/സംഘങ്ങളിൽ സുരക്ഷ ഉറപ്പാക്കുന്നതിൽ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് 15/05/1984 ൽ 26/84, 03/06/1989 ൽ 33/89, 23/05/2008 ൽ 34(എ)/2008, 13/07/2009 ൽ 33/09 നമ്പർ സർക്കുലറുകൾ മുഖേന സഹകരണ സംഘം രജിസ്ട്രാർ വിശദമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ നിർദ്ദേശിച്ച രീതിയിലുള്ള സ്ട്രോംഗ് റൂം സ്ഥാപിക്കണമെന്നും, ബാങ്കിലെ പ്രവേശന കവാടം ഒരാൾക്ക് മാത്രം കടക്കാവുന്ന രീതിയിൽ ക്രമീകരിക്കണമെന്നും, ചുറ്റുമതിലിന് മുകളിൽ ഇരുമ്പ് കമ്പി വേലി സ്ഥാപിക്കണമെന്നും, ഇടപാടുകാരുടെ ഫോട്ടോ രഹസ്യമായി എടുക്കുന്നതിനുള്ള രഹസ്യ ക്യാമറ, വെബ് ക്യാമറ, സെക്യൂരിറ്റി അലാറം എന്നിവ സ്ഥാപിക്കണമെന്നും |

| | | | |
|---|---|---|---|
| | | | ആവശ്യമായ സുരക്ഷാ ജീവനക്കാരെ നിയമിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ബാങ്കുകൾ, ശാഖകൾ ആരംഭിക്കുന്നതിന് തെരഞ്ഞെടുക്കുന്ന സ്ഥലം ജനവാസമുള്ള കേന്ദ്രങ്ങളായിരിക്കണമെന്നും, സുരക്ഷിത കെട്ടിടങ്ങൾ തെരഞ്ഞെടുക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |
| ബി) | സംസ്ഥാനത്തെ എല്ലാ സഹകരണ ബാങ്കുകളിലും സെക്യൂരിറ്റി ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; | ബി) | സംസ്ഥാനത്തെ എല്ലാ ബാങ്കുകളിലും സെക്യൂരിറ്റി ജീവനക്കാരെ നിയമിച്ചിട്ടില്ല. |
| സി) | സഹകരണ ബാങ്കുകളിൽ വെബ് ക്യാമറകൾ സ്ഥാപിക്കണമെന്ന് സർക്കാർ നിഷ്ക്കർഷിച്ചിട്ടുണ്ടോ; | സി) | ഉണ്ട്. 24/12/2007 ലെ 7430/സി 3/2007/സഹ നമ്പർ കത്ത് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ 34(എ)/08 സർക്കുലർ പ്രകാരവും, തുടർന്ന് 33/09 സർക്കുലർ പ്രകാരവും മറ്റ് സുരക്ഷാ നിർദ്ദേശങ്ങളോടൊപ്പം വെബ് ക്യാമകളും സ്ഥാപിക്കുന്നതിന് സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഡി) | ഇല്ലെങ്കിൽ അതിനായി നിർദ്ദേശം നൽകുമോ; | ഡി) | ചോദ്യം ഉദിക്കുന്നില്ല. |
| ഇ) | സഹകരണ ബാങ്കുകളുടെ സുരക്ഷ ഉറപ്പാക്കാൻ കമ്മ്യൂണിറ്റി പോലീസിംഗ് സംവിധാനം പ്രയോജനപ്പെടുത്തുമോ? | ഇ) | സഹകരണ ബാങ്കുകളുടെ സുരക്ഷ ഉറപ്പാക്കുവാൻ കമ്മ്യൂണിറ്റി പോലീസിംഗ് സംവിധാനം (ജനകീയ പെട്രോളിംഗ്) പ്രയോജനപ്പെടുത്തുന്ന കാര്യം ബാങ്ക് അധികൃതർ പരിഗണിക്കുന്നതിന് 34(എ)/08, 33/09 സർക്കുലറുകൾ പ്രകാരം സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

Rajendran

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. * 140 15.9.2009-ൽ മറുപടിയ്ക്ക്

## ബോണസും എക്സ്ഗ്രേഷ്യയും ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ :<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു :<br>ശ്രീ. എ.സി.മൊയ്തീൻ:<br>ശ്രീ.മഞ്ഞളാംകുഴി അലി :<br>ശ്രീ.ബി.രാഘവൻ : | ശ്രീ.പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ഈ വർഷം ഓണക്കാലത്ത് ബോണസ് തർക്കങ്ങൾ പരിഹരിക്കുന്നതിനും തൊഴിലാളികൾക്ക് മെച്ചപ്പെട്ട ബോണസും എക്സ്ഗ്രേഷ്യയും ലഭ്യമാക്കുന്നതിനും തൊഴിൽ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) തൊഴിൽ വകുപ്പിലെ അനുരഞ്ജനോദ്യോഗസ്ഥർ ബോണസ് സംബന്ധിച്ച തർക്കങ്ങൾക്ക് മുൻഗണന നൽകി, ഈ വർഷം ഓണക്കാലത്ത് നിരവധി അനുരഞ്ജന ചർച്ചകൾ നടത്തുകയും തർക്കങ്ങൾ പരിഹരിച്ച് തൊഴിലാളികൾക്ക് മെച്ചപ്പെട്ട ബോണസും എക്സ്ഗ്രേഷ്യയും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുമുണ്ട്. വ്യവസായികാടിസ്ഥാനത്തിലുള്ള ബോണസ്സ് പ്രശ്നങ്ങൾ തൊഴിൽ വകുപ്പു മന്ത്രിയുടെ സാന്നിദ്ധ്യത്തിലും പ്രധാനപ്പെട്ട സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലെ ബോണസ്സ് പ്രശ്നം തൊഴിൽ-വ്യവസായ വകുപ്പു മന്ത്രിമാരുടെ സാന്നിദ്ധ്യത്തിലും ചർച്ച ചെയ്തു പരിഹരിച്ചു. |
| (ബി) പരമ്പരാഗത മേഖലയിൽ എത്ര ശതമാനം ബോണസാണ് അനുവദിച്ചത് ; | (ബി) പരമ്പരാഗത മേഖലയിൽ ഉൾപ്പെട്ട കയർ, കശുവണ്ടി എന്നിവയുമായി ബന്ധപ്പെട്ട വ്യവസായ ബന്ധ സമിതികൾ മുഖേന 20% ബോണസ് |

നൽകുന്നതിന് തീരുമാനമെടുത്തിരുന്നു. കൈത്തറി മേഖലയിൽ ഉഭയകക്ഷി ചർച്ചകളിലൂടെയാണ് ബോണസ് തീരുമാനിച്ചത്. കൈത്തറി മേഖലയിൽ സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള ഹാൻറ്റക്സിലും ഡെവലപ്പമെൻറ് കോർപ്പറേഷനിലെ തൊഴിലാളികൾക്ക് 8.33% ബോണസും സ്വകാര്യ കൈത്തറി സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് 15 മുതൽ 20% വരെ ബോണസും സഹകരണ മേഖലയിലെ തൊഴിലാളികൾക്ക് 25% വരെ ബോണസും എക്സ്ഗ്രേഷ്യായും കൂടി ലഭിച്ചിട്ടുണ്ട്.

(സി) കശുവണ്ടി തൊഴിലാളികൾക്ക് ബോണസ് വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോ, എങ്കിൽ വിശദാംശം നൽകുമോ ;

(സി) കശുവണ്ടി തൊഴിലാളികൾക്ക് ബോണസ് വർദ്ധിപ്പിച്ച് നല്കിയിട്ടില്ല. എന്നാൽ കഴിഞ്ഞ വർഷം 0.5% എക്സ്ഗ്രേഷ്യാ നല്കിയിരുന്നത് ഈ വർഷം 1% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) അസംഘടിത മേഖലയിൽ ബോണസ് ലഭ്യമാക്കുന്നതിന് തൊഴിൽ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

(ഡി) ബോണസ് സംബന്ധിച്ച് തൊഴിൽ വകുപ്പിൽ ലഭിച്ച പരാതികൾക്ക് അടിയന്തിര പ്രാധാന്യം നല്കി അനുരഞ്ജന ചർച്ചകളിലൂടെ, തൊഴിലാളികൾക്ക് മെച്ചപ്പെട്ട ബോണസും എക്സ്ഗ്രേഷ്യായും ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ അസംഘടിത മേഖലയിലുള്ള ബോണസ് തർക്കങ്ങളും ഉൾപ്പെട്ടിട്ടുണ്ട്.

(signature)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 141 15.09.2009-ലെ മറുപടിയ്ക്ക്

"ഇ.എസ്.ഐ. ആശുപത്രികളുടെ നവീകരണം"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ:<br>ശ്രീ. എ.എം.യൂസഫ്:<br>ശ്രീ.കെ.കെ.ദിവാകരൻ<br>ശ്രീ.കെ.സി.രാജഗോപാലൻ:<br>ശ്രീ.ആർ.സെൽവരാജ് : | ശ്രീ.പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ഇ.എസ്.ഐ.ആശുപത്രികളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) ഇ.എസ്.ഐ ആശുപത്രികളുടെ നവീകരണത്തിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1) സംസ്ഥാനത്തുള്ള 7 ഇ.എസ്.ഐ ആശുപത്രികളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി ഇ.എസ്.ഐ.കോർപ്പറേഷനിൽ നിന്നും ലഭിച്ച ആറര കോടി രൂപ ഉപയോഗിച്ച് നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു.<br><br>2) വിപുലമായ അധികാരമുള്ള ആശുപത്രി വികസന സമിതികൾ രൂപീകരിച്ചു.<br><br>3) സ്വന്തമായി കെട്ടിടമില്ലാത്ത 89 ഇ.എസ്.ഐ ഡിസ്പെൻസറികൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും അതനുസരിച്ച് മൈനാഗപ്പള്ളിയിൽ കെട്ടിടം പണി പൂർത്തിയാക്കുകയും ചെയ്തു. ആശ്രാമം, മൈലം എന്നിവിടങ്ങളിൽ കെട്ടിടം പണി പുരോഗതിയിലുമാണ്. മറ്റുള്ള ഡിസ്പെൻസറികൾക്ക് സ്ഥലം കണ്ടെത്തുന്നതിനുള്ള പരിശ്രമം നടക്കുന്നു.<br><br>4) പ്രമേഹരോഗ നിർണ്ണയം ഡിസ്പെൻസറികളിൽ ആരംഭിച്ചു. |

5) ആംബുലൻസ് സൗകര്യമുള്ള അഞ്ച് ആശുപത്രികൾക്ക് പുറമേ പുതിയതായി 5 ആശുപത്രികൾക്ക് കൂടി ആംബുലൻസുകൾ വാങ്ങി നൽകി.

6) ഇ.എസ്.ഐ.സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും "പ്രോജക്ട് പഞ്ചദീപ്" എന്ന പേരിൽ ബൃഹത്തായ കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

7) മെഡിക്കൽ റീഇംബേഴ്സ്മെൻറ് നടപടികൾ കൂടുതൽ ഉദാരമാക്കി.

8) രോഗ പ്രതിരോധ നടപടികൾ ഊർജ്ജിതപ്പെടുത്തി.

9) ആശ്രാമം ആശുപത്രി മോഡൽ ആശുപത്രി ആക്കുകയും ഉദ്യോഗമണ്ഡൽ ആശുപത്രി മോഡൽ ആശുപത്രി ആക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

10) മഴക്കാല രോഗങ്ങൾ തടയുന്നതിനുള്ള മരുന്നുകൾ ലോക്കൽ പർച്ചേസ് നടത്തുന്നതിന് 10,000 രൂപ വീതം എല്ലാ ആശുപത്രികൾക്കും ഡിസ്പെൻസറികൾക്കും നൽകി.

11) ആശ്രിത ചികിത്സയ്ക്ക് ഏർപ്പെടുത്തിയിരുന്ന പരിധി എടുത്തുകളഞ്ഞു.

12) എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികൾ വഴി ക്യാഷ്‌ലെസ്സ് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയും സ്പെഷ്യാലിറ്റി ചികിത്സയും ഏർപ്പെടുത്തി.

(ബി) സ്വന്തമായി കെട്ടിടമില്ലാത്ത ഇ.എസ്.ഐ. ഡിസ്പെൻസറികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) സ്വന്തമായി കെട്ടിടമില്ലാത്ത ഇ.എസ്.ഐ.ഡിസ്പെൻസറികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തി അറിയിക്കുവാൻ എല്ലാ ഇ.എസ്.ഐ.ഡിസ്പെൻസറി ഇൻഷുറൻസ് മെഡിക്കൽ ഓഫീസർമാർക്കും തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾക്കും ജില്ലാ കളക്ടർമാർക്കും കത്തയച്ചിരുന്നു. അതനുസരിച്ച് ചില ഇ.എസ്.ഐ.ഡിസ്പെൻസറി ഇൻഷുറൻസ് മെഡിക്കൽ ഓഫീസർമാർ കണ്ടെത്തി അറിയിച്ച സ്ഥലത്തെ സംബന്ധിച്ച വിവരങ്ങൾ

ഇ.എസ്.ഐ.കോർപ്പറേഷൻ സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണറെ അറിയിച്ചിട്ടുണ്ട്. സ്ഥലം സന്ദർശിച്ച് ഡിസ്പെൻസറി കെട്ടിടം നിർമ്മിക്കുവാൻ അനുയോജ്യമാണോ എന്ന് നിർണ്ണയിക്കാനുള്ള അനന്തര നടപടികൾ ഇ.എസ്.ഐ.കോർപ്പറേഷൻ സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർ തലത്തിൽ പുരോഗമിക്കുന്നുണ്ട്.

(സി) പുതുതായി ഇ.എസ്.ഐ.ആശുപത്രികൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) പുതുതായി 3 ഇ.എസ്.ഐ.ആശുപത്രികളും 3 എമർജൻസി സെൻററുകളും ആരംഭിക്കുന്ന വിഷയം ഇ.എസ്.ഐ.കോർപ്പറേഷൻെറ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ചേർത്തല, ബാലരാമപുരം, കഞ്ചിക്കോട് എന്നിവിടങ്ങളിലാണ് ഇ.എസ്.ഐ.ആശുപത്രികൾ. മലപ്പുറം, കേരളപുരം, കാസർഗോഡ് എന്നീ പ്രദേശങ്ങളിലേക്കാണ് എമർജൻസി സെൻററുകൾ.

(ഡി) ഇ.എസ്.ഐ.ആശുപത്രികളിൽ മരുന്നു ലഭ്യത ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

(ഡി) ഇ.എസ്.ഐ.ആശുപത്രികളിൽ മരുന്നു ലഭ്യത ഉറപ്പുവരുത്തുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

1. മരുന്നു വിതരണം ഊർജ്ജിതപ്പെടുത്തുന്നതിന് വർഷത്തിൽ രണ്ടു തവണ മരുന്നു വിതരണം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. മരുന്നു വിതരണത്തിലെ കാലതാമസം പരമാവധി ലഘൂകരിക്കുന്നതിന് ഓരോ മേഖലയിലും പുതിയ സ്റ്റോർ വാൻ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മദ്ധ്യമേഖലയിലും ദക്ഷിണ മേഖലയിലും സ്റ്റോർവാൻ വാങ്ങിക്കഴിഞ്ഞു. ഉത്തര മേഖലയിൽ സ്റ്റോർ വാൻ വാങ്ങുന്നതിനുള്ള അനുമതി ഇ.എസ്.ഐ.കോർപ്പറേഷനിൽ നിന്നും ലഭ്യമായിട്ടുണ്ട്. ***സർക്കാരിൽ നിന്ന് ഭരണാനുമതി ലഭ്യമായിട്ടുണ്ട്***.

3. ഓരോ സ്ഥാപനത്തിലും ആവശ്യമായ മരുന്നുകൾ ഇ.എസ്.ഐ.കോർപ്പറേഷൻെറ റേറ്റ് കോൺട്രാക്ടിൽ നിന്ന് തെരഞ്ഞെടുക്കുവാൻ അതാത് ഇ.എസ്.ഐ.ഡിസ്പെൻസറികളിലേയും

ആശുപത്രികളിലേയും ഡോക്ടർമാർക്ക് അനുവാദം നൽകിയിട്ടുണ്ട്.

4. മരുന്നു വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരെ ഡയറക്റ്റ് ഡിമാൻറിംഗ് ഓഫീസർമാരായി നാമനിർദ്ദേശം ചെയ്യാനുള്ള അധികാരം ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

5. ഗുണനിലവാരമുള്ള ആയുർവേദ ഔഷധങ്ങൾ പൊതുമേഖലാ സ്ഥാപനമായ ഔഷധിയിൽ നിന്ന് നേരിട്ട് വാങ്ങുന്നതിന് അനുമതിക്കായി ഇ.എസ്.ഐ.കോർപ്പറേഷനോട് നിരന്തരം ആവശ്യപ്പെട്ടു വരികയാണ്. ആയൂർവേദ മരുന്നു വിതരണത്തിൽ ക്രമക്കേട് കാണിച്ച ഇ.എസ്.ഐ.കോർപ്പറേഷൻ റേറ്റ് കോൺട്രാക്റ്റ് കമ്പനികളെ കരിംപട്ടികയിൽപെടുത്തുവാൻ ഇ.എസ്.ഐ.കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

6. അടിയന്തിര ഘട്ടങ്ങളിൽ രോഗികൾക്ക് അവശ്യ മരുന്നുകൾ ലോക്കൽ പർച്ചേസിലൂടെ ലഭ്യമാക്കുവാൻ എല്ലാ ഇ.എസ്.ഐ. സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) പുതുതായി ഏതെങ്കിലും വിഭാഗം തൊഴിലാളികളെക്കൂടി ഇ.എസ്.ഐ.പരിധിയിൽ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ?

**(ഇ) ഇല്ല**

Sasikumar.S

**സെക്ഷൻ ഓഫീസർ**

# പന്ത്രണ്ടാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 142

15.09.2009 - ൽ മറുപടിയ്ക്ക്

## സഹകരണ ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. പ്രകാശൻ മാസ്റ്റർ :<br>ശ്രീ. സി.കെ. പി. പത്മനാഭൻ :<br>ശ്രീ. എ.പ്രദീപ് കുമാർ :<br>പ്രൊ. സി. രവീന്ദ്രനാഥ് :<br>ശ്രീമതി.കെ.എസ്. സലീഖ: | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും വകുപ്പു മന്ത്രി) |
| (എ) സഹകരണ ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ നിക്ഷേപം സ്വരൂപിക്കുന്നതിനും, ആവശ്യമായ വിവിധങ്ങളായ വായ്പകൾ അംഗങ്ങൾക്ക് നൽകുന്നതിനും നടപടികൾ സ്വീകരിക്കുകയും കൂടുതൽ ആളുകളെ സഹകരണ സംഘങ്ങൾ/ ബാങ്കുകളുടെ പ്രവർത്തനവുമായി ബന്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കേരളപ്പിറവിയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് 2006-ൽ സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ 'സഹകരണ നിക്ഷേപം കേരളീയം' എന്ന പരിപാടിയിലൂടെ സമസ്ത കേരളീയ ഭവനങ്ങളിലും സഹകരണ പ്രസ്ഥാനത്തിന്റെ സന്ദേശം എത്തിക്കുവാനും 1260.80 കോടി രൂപ അധിക നിക്ഷേപം സ്വരൂപിക്കുവാനും 563.47 കോടി രൂപയുടെ കിട്ടാക്കടം പിരിച്ചെടു |

ക്കുന്നതിനും, 751969 അക്കൗണ്ടുകൾ പുതുതായി ആരംഭിക്കുവാനും കഴിഞ്ഞിട്ടുണ്ട്. ഈ കാലയളവിൽ 254247 ഭവനങ്ങൾ സഹകാരികൾ സന്ദർശിക്കുകയുണ്ടായി.145708 പേരെ പങ്കെടുപ്പിച്ച് 1197 സെമിനാറുകൾ സംഘടിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

തുടർന്നുള്ള വർഷങ്ങളിൽ നടത്തിയ നിക്ഷേപ സമാഹരണ ക്യാമ്പയിനുകളും, സഹകരണ നിക്ഷേപം കേരളീയം 'കുടിശ്ശിക നിവാരണം ശതശതമാനം കേരളീയം', 'സഹകരണ വിപണനം കേരളീയം', 'സഹകരണ കാർഷികം കേരളീയം', 'സഹകരണ വിദ്യാഭ്യാസം കേരളീയം', 'സഹകരണ ആരോഗ്യം കേരളീയം', 'സഹകരണ സാമൂഹ്യം കേരളീയം', 'സഹകരണ അഴിമതി നിവാരണം കേരളീയം', 'സഹകരണ പ്രചരണം കേരളീയം' എന്നീ ഒമ്പതിന കർമ്മ പരിപാടികളടങ്ങുന്ന സഹകരണ നവരത്നം കേരളീയം എന്ന പദ്ധതി നടപ്പിലാക്കുകയുണ്ടായി. ഇതനുസരിച്ച് എല്ലാവർഷവും നവംബർ മാസം നിക്ഷേപ സമാഹരണ മാസമായി ആചരിച്ചു വരുന്നു. 2007-ൽ 2906.59 കോടി രൂപയും 2008-ൽ 2675.25 കോടി രൂപയും ഈ പദ്ധതിപ്രകാരം നിക്ഷേപമായി സ്വരൂപിച്ചിട്ടുണ്ട്. സഹകരണ മേഖലയിൽ വർദ്ധിച്ചുവരുന്ന കുടിശ്ശിക കിട്ടാക്കടം നിവാരണം ചെയ്യുന്നതിനായി ഫെബ്രുവരി മാസം പ്രത്യേക കാമ്പയിൻ സംഘടിപ്പിച്ചു വരുന്നു. ഈ പദ്ധതി പ്രകാരം 2007-2008 വർഷം 1290.19-ഉം 2008-09 വർഷം 1072.62-ഉം കോടി രൂപയുടെ കുടിശ്ശിക പിരിച്ചെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്രകാരം കുടിശ്ശിക പിരിച്ചെടുക്കാൻ

കഴിഞ്ഞതുമൂലം സഹകരണ ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

പൊതുമാർക്കറ്റിൽ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി ഓണം, വിഷു, റംസാൻ, ക്രിസ്തുമസ്, ബക്രീദ് എന്നീ വിശേഷാവസരങ്ങളിൽ കൺസ്യൂമർ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ സഹകരണബാങ്കുകളുടെ/സംഘങ്ങളുടെ നേതൃത്വത്തിൽ പ്രത്യേക മാർക്കറ്റുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്. ഇതും സഹകരണ ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ ഉപകരിച്ചിട്ടുണ്ട്.

അന്യം നിന്നുപോകുന്ന നെൽകൃഷി പരിപോഷിപ്പിക്കുവാൻ പലിശരഹിത വായ്പയും, കാർഷിക മേഖലയ്ക്ക് ഊർജ്ജം പകരുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പ നൽകുന്ന പദ്ധതിയും നടപ്പിലാക്കി. കൂടാതെ കൂടുതൽ കാർഷിക വായ്പ നൽകുന്നതിനും, മംഗല്യസൂത്ര വായ്പകൾ, മംഗല്യസൂത്ര കാർഷിക വായ്പകൾ എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്. മാത്രമല്ല സഹകരണ ബാങ്കുകൾ മുഖേന കൊയ്ത്ത് യന്ത്രം കർഷകർക്ക്/പാടശേഖര സമിതികൾക്ക് വാടകയ്ക്ക് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയതും സഹകരണ ബാങ്കുകളുടെ പ്രവർത്തനം കൂടുതൽ ചലനാത്മകമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. വായന സംസ്കാരം വളർത്തിയെടുക്കുന്നതിനായി, സഹകരണ മേഖലയിലാരംഭിച്ച ലൈബ്രറികൾ, സഹകരണ ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഏറെ സഹായിച്ചിട്ടുണ്ട്.

സഹകരണ മേഖലയിലെ ക്രമക്കേടുകൾ/അഴിമതികൾ, കൈകാര്യം ചെയ്യു

ന്നതിനായി ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ വിജിലൻസ് വിഭാഗം രൂപീകരിച്ചതും ആഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി ആഡിറ്റ് വിഭാഗം ഡയറക്ടറെ നിയമിച്ചതും സഹകരണ ബാങ്കുകളിലെയും മറ്റ് സംഘങ്ങളിലെയും പരാതികൾക്ക് തീർപ്പു കൽപ്പിക്കുന്നതിനായി സംസ്ഥാന, ജില്ല, താലൂക്ക് തലത്തിൽ അദാലത്തുകൾ സംഘടിപ്പിച്ചതും സഹകരണ ബാങ്കുകളുടെ പ്രവർത്തനങ്ങൾ ഏറെ മെച്ചപ്പെടുത്തുന്നതിന് സഹായിച്ചിട്ടുണ്ട്. ബാങ്കിംഗ് മേഖലയിൽ നിക്ഷേപത്തിന്റെ പലിശയിൽ പൊതുവായുണ്ടാകുന്ന വർദ്ധനവ്/കുറവ് എന്നിവയ്ക്ക് അനുസൃതമായി യഥാസമയം നിക്ഷേപത്തിന്റെയും, വായ്പകളുടെയും പലിശകൾ പുതുക്കുന്നതും, ബാങ്കുകളുടെ നിക്ഷേപവും വായ്പകളും ആകർഷകമാക്കുന്നതിനും തദ്വാര ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്.

ബാങ്കുകളുടെ ആർബിട്രേഷൻ/എക്സിക്യൂഷൻ തീർപ്പാക്കുന്നതിനും കുടിശ്ശികയായ വായ്പകൾ ഈടാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർവ്വീസ് സഹകരണ ബാങ്കുകൾക്കു പുറമേ ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക്, കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവയ്ക്ക് കുടിശ്ശികകൾ ഈടാക്കുന്നതിനും, ഇളവുകൾ നൽകി വായ്പാ തുകകൾ പിരിച്ചെടുക്കുന്നതിനും കഴിഞ്ഞത് ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തിയിട്ടുണ്ട്.

അർബൻ സഹകരണ ബാങ്കുകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതി

| | | |
|---|---|---|
| | | നായി റിസർവ്വ് ബാങ്കുമായി ധാരണാപത്രം ഒപ്പിട്ടതിന്റെ അടിസ്ഥാനത്തിൽ അർബൻ ബാങ്കുകൾക്ക് കൂടുതൽ ശാഖകൾ ആരംഭിക്കുന്നതിന് റിസർവ്വ് ബാങ്കിന്റെ ലൈസൻസ് ലഭിച്ചത് അർബൻ ബാങ്കുകളുടെ പ്രവർത്തനത്തെയും കൂടുതൽ മെച്ചപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ റിസ്ക് ഫണ്ട് പദ്ധതിയുടെ വിശദാംശം നൽകുമോ; | (ബി) സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ, സഹകരണ അർബൻ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക്, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ ഈ വിഭാഗത്തിൽപ്പെടുന്ന മറ്റ് വായ്പാ സഹകരണ സംഘങ്ങൾ എന്നിവയിൽ കാർഷിക വായ്പയും, സ്വർണ്ണ പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ള കാർഷികേതര വായ്പയും എടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയ്ക്കുള്ളിൽ മരണപ്പെടുകയാണെങ്കിൽ ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒരു ലക്ഷം രൂപവരെയുള്ള മുതലും അതിന്റെ പലിശയും ഫണ്ടിൽ നിന്നും നൽകുന്നു. ഒന്നിൽ കൂടുതൽ പേർ ചേർന്നെടുത്ത കോ-ഒബ്ലിഗന്റ് ഉൾപ്പെട്ട കൂട്ടായ വായ്പയാണെങ്കിലും അതിൽ ഒരു വായ്പാക്കാരൻ മരണപ്പെടുകയും ചെയ്താൽ മറ്റ് വായ്പക്കാർക്ക് ബാക്കി നിൽക്കുന്ന തുക അടച്ചു തീർക്കാൻ കഴിവില്ലെന്ന് ബന്ധപ്പെട്ട സഹകരണ സംഘത്തിന് ബോധ്യപ്പെടുകയാണെങ്കിൽ സംഘം ഭരണ സമിതിയിടെ അപ്രകാരമുള്ള ശുപാർശയിൻ മേൽ അത്തരം വായ്പകളിൽ ഒരു വായ്പക്കാരന്റെ മരണത്തീയതി മുതൽ ബാക്കി നിൽക്കുന്ന വായ്പ തുകയോ ടി തുകയുടെ |

ആനുപാതികമായ തുകയോ ഫണ്ടിൽ നിന്നും നൽകുന്നതാണ്. ടി പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്ന വായ്പയുടെ പിഴ പലിശ, മറ്റ് ചെലവുകൾ ഇവ മുഴുവനും സംഘം പൊതുയോഗത്തിന്റെ അനുമതിയോടും സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരത്തോടും കൂടി എഴുതിതള്ളുന്നതാണ്.

വായ്പ എടുത്ത് 6 മാസത്തിൽ കൂടുതൽ കാലം തുടർച്ചയായി വായ്പകൾ തിരിച്ചടയ്ക്കുന്നതിന് വീഴ്ച വരുത്തിയ വായ്പക്കാരൻ വായ്പാ കാലാവധിക്കുള്ളിൽ മരണപ്പെട്ടാൽ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

വായ്പക്കാരൻ തിരിച്ചടവുകൾ നടത്തിക്കൊണ്ടിരിക്കുകയും എന്നാൽ വായ്പാകാലാവധിക്കകം വായ്പക്കാരന് മാരകമായ രോഗങ്ങൾ പിടിപ്പെടുകയോ മറ്റ് നിയന്ത്രണാതീതമായ കാരണങ്ങൾ കൊണ്ടോ മുഴുവൻ വായ്പാ ബാദ്ധ്യതകളും തീരാതെ നിൽക്കുകയും ചെയ്യുന്ന കേസുകളിൽ വായ്പാതിരിച്ചടവിനുള്ള നിശ്ചിത കാലാവധി കഴിഞ്ഞ് 90 ദിവസത്തിനകം വായ്പാക്കാരൻ മരണപ്പെടുകയാണെങ്കിൽ അത്തരം കേസുകളിൽ വായ്പാ അക്കൗണ്ടിൽ ബാക്കി നിൽപ്പുള്ള ബാധ്യത റിസ്ക് ഫണ്ടിൽ നിന്നും നൽകുന്നതാണ്.

മരണപ്പെട്ട വായ്പാക്കാരന്റെ പേരിലുള്ളതും വായ്പാ കാലാവധി കഴിയാത്തതും വായ്പക്കാരന്റെ 65 വയസ്സ് തികയുന്നതിനു മുമ്പ് തിരിച്ചടവ് കാലാവധി തീരുന്നതുമായ വായ്പകൾക്ക് മാത്രമേ ടി പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുള്ളൂ.

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

പ്രകാരമുള്ള ആനുകൂല്യം ലഭിച്ച് അടച്ചു തീർത്ത വായ്പകൾക്കും, ടി പദ്ധതി നിലവിൽ വരുന്നതിനു മുമ്പ് അടച്ചുതീർത്ത വായ്പകൾക്കും ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

ടി പദ്ധതിയിൽ അംഗമാകുന്നതിന് ഒരു ലക്ഷം രൂപവരെയുള്ള വായ്പ്പ് വായ്പാതുകയുടെ 0.2% നിരക്കിൽ പരമാവധി 200 രൂപയും ഒരു ലക്ഷം രൂപയ്ക്കു മുകളിലുള്ള വായ്പ്പ് വായ്പ തുകയുടെ 0.2% നിരക്കിൽ പരമാവധി 250 രൂപയും വായ്പാതുക കൈപ്പറ്റുന്നതിനു മുമ്പ് വായ്പാക്കാരൻ സംഘത്തിൽ ഒടുക്കേണ്ടതാണ്. ഒരു വായ്പക്കാരൻ എടുക്കുന്ന വായ്പ എത്രതന്നെ ആയിരുന്നാലും അതിന്റെ നിശ്ചിത ശതമാനം കണക്കാക്കുമ്പോൾ സംഘത്തിൽ ഒടുക്കേണ്ട വിഹിതം 50 രൂപയിൽ താഴെയാണെങ്കിൽ ഏറ്റവും കുറഞ്ഞതുകയായ 50 രൂപ സംഘത്തിൽ ഒടുക്കേണ്ടതാണ്. ടി തുക ബന്ധപ്പെട്ട സംഘം കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ ഒടുക്കേണ്ടതും ക്ഷേമനിധി ബോർഡ് ടി തുക ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ ഏറ്റവും കൂടുതൽ പലിശ ലഭിക്കുന്ന അക്കൗണ്ടിൽ നിക്ഷേപിയ്ക്കുന്നതുമാണ്.

ഒരു വായ്പക്കാരൻ മരണമടഞ്ഞാൽ വായ്പക്കാരന്റെ അനന്തരാവകാശി വായ്പാക്കാരന്റെ മരണ സർട്ടിഫിക്കറ്റും, അനന്തരാവകാശ സർട്ടിഫിക്കറ്റും സഹിതം ബന്ധപ്പെട്ട സംഘത്തിന് അപേക്ഷ നൽകണം. അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ ബന്ധപ്പെട്ട സംഘം മരണമടഞ്ഞ വായ്പക്കാരന് റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടെന്ന് കാണിക്കുന്ന

സർട്ടിഫിക്കറ്റും വായ്പക്കാരന്റെ വായ്പ ഏറ്റടവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും കോർപസ് ഫണ്ടിലേക്ക് വായ്പക്കാരന്റെ വിഹിതം അടച്ചിട്ടുള്ള സ്റ്റേറ്റ്മെന്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ജില്ലാ സഹകരണ ബാങ്കിൽ കോർപസ് ഫണ്ട് വിഹിതം അംഗസംഘം നിക്ഷേപിച്ചതിന്റെ വിവരം ഉൾപ്പെടുത്തിയ സ്റ്റേറ്റ്മെന്റിന്റെ പകർപ്പും സഹിതം ടി അപേക്ഷ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതാണ്. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് അപേക്ഷ പരിശോധിച്ച് ധനസഹായം അനുവദിച്ച് ടി തുക ബന്ധപ്പെട്ട സംഘത്തിന് നൽകുന്നു. പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിനുള്ള മരണപ്പെട്ട വായ്പക്കാരന്റെ അനന്തരാവകാശിയുടെ അപേക്ഷയിൻമേൽ സംഘം നടപടികൾ കൈക്കൊള്ളുന്നില്ലെങ്കിൽ അപേക്ഷ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് സെക്രട്ടറിയ്ക്ക് നേരിട്ട് സമർപ്പിക്കാവുന്നതും ടി അപേക്ഷയിൻ മേൽ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് ഭരണ സമിതി അപേക്ഷ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(സി) പദ്ധതിമൂലം ബാങ്കുകൾക്കും, വായ്പകൾക്കുള്ള ജാമ്യക്കാർക്കും ഉണ്ടാകുന്ന നേട്ടം വ്യക്തമാക്കുമോ;

(സി) കേരള റിസ്ക് ഫണ്ട്പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുള്ള വായ്പയുടെ ജാമ്യക്കാർക്ക് മരണപ്പെടുന്ന വായ്പക്കാരന്റെ പേരിൽ മരണപ്പെടുന്ന ദിവസം വായ്പാ അക്കൗണ്ടിൽ മുതൽ ഇനത്തിൽ ബാക്കി നിൽക്കുന്ന ഒരു ലക്ഷം രൂപവരെയുള്ള ബാധ്യതയിൽ നിന്നും അതിന്റെ പലിശ ഒഴിവാക്കുന്നതാണ്. ടി പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുള്ള വായ്പാക്കാരൻ മരണപ്പെട്ടാൽ ടി വായ്പക്കാരൻ മരണപ്പെടുന്ന

| | | | |
|---|---|---|---|
| | | | ദിവസം ടിയാന്റെ വായ്പാ അക്കൗണ്ടിൽ മുതൽ ഇനത്തിൽ ബാക്കി നിൽപ്പുള്ള പരമാവധി ഒരു ലക്ഷം രൂപയും ആയതിന്റെ പലിശയും കാലതാമസം കൂടാതെ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ നിന്നും ലഭിക്കുന്നതാണ്. |
| (ഡി) | സഹകരണ ബാങ്ക് ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ഡി) | സംസ്ഥാനത്തെ സഹകരണ സംഘം ജീവനക്കാർക്ക് 3.6.93 മുതൽ സ്വാശ്രയ പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന സഹകരണ ബാങ്കിലേയും ജില്ലാ സഹകരണ ബാങ്കുകളിലേയും ജീവനക്കാർ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ആന്റ് മിസലേനിയസ് പ്രൊവിഷൻസ് ആക്റ്റിന്റെ പരിധിയിലായിരുന്നതിനാൽ ടി ജീവനക്കാർക്ക് ടി പദ്ധതിയുടെ പ്രയോജനം ലഭിച്ചിരുന്നില്ല. എന്നാൽ റീജിയണൽ ഇ.പി.എഫ്. കമ്മീഷണറുടെ 26/5/09-ലെ ഉത്തരവു പ്രകാരം ടി സ്ഥാപനങ്ങളെ 1.4.05 മുതൽ ഇ.പി.എഫ്. പരിധിയിൽ നിന്നും ഒഴിവാക്കിയ സാഹചര്യത്തിൽ സംസ്ഥാന സഹകരണ ബാങ്കിലേയും ജില്ലാ സഹകരണ ബാങ്കുകളിലേയും ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | പെൻഷൻ പദ്ധതി എന്നുമുതൽ നടപ്പാക്കും എന്ന് വെളിപ്പെടുത്തുമോ ; | (ഇ) | കേരള സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും റിട്ടയർ ചെയ്യുന്ന ജീവനക്കാർക്ക് 29.4.05 തീയതിയിലെ 103/05/സഹ നമ്പർ ഉത്തരവ് പ്രകാരം 1/4/05 മുതലാണ് പെൻഷന് പ്രാബല്യമുള്ളത്. ആയതിനാൽ ടി തീയതി മുതൽ പ്രാബല്യം നൽകിക്കൊണ്ട് പെൻഷൻ പദ്ധതി നടപ്പിലാക്കേണ്ടതുണ്ട്. |
| (എഫ് | സഹകരണ നിയമങ്ങളിൽ ഭേദഗതികൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ? | (എഫ് | 1969-ലെ കേരള സഹകരണ സംഘം നിയമത്തിൽ ഭേദഗതികൾ വരുത്തുവാൻ ഉദ്ദേശിക്കുന്ന കരട് ബിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

സഹകരണ നിയമത്തിൽ കാലോചിതവും, സമഗ്രവുമായ ഭേദഗതികൾ നിർദ്ദേശിക്കുന്നതിനും, ശുപാർശകൾ സമർപ്പിക്കുന്നതിനുമായി സംസ്ഥാന സഹകരണ യൂണിയൻ ചെയർമാൻ ശ്രീ. ഇ. നാരായണൻ ചെയർമാനായും പാലക്കാട് ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റായിരുന്ന ശ്രീ. പി.എ. ഉമ്മർ ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റായിരുന്ന ശ്രീ. നളന്ദ ഗോപാലകൃഷ്ണൻ നായർ എന്നിവർ അംഗങ്ങളായുമുള്ള ഒരു കമ്മിറ്റി രൂപീകരിച്ചുകൊണ്ട് 28.6.07-ന് സർക്കാർ ഉത്തരവ് (സാധാ) നമ്പർ 434/07 നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെയും, ശുപാർശയുടെയും 6-ാം സഹകരണ കോൺഗ്രസ്സിലെ ചർച്ചകളിൽ ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങളുടെയും തുടർന്ന് നടന്ന ചർച്ചകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് നിയമസഭയുടെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമുള്ള ചോദ്യം നമ്പർ:143 15/9/2009 ൽ മറുപടിയ്ക്ക്

### വൈദ്യുതി ബോർഡിന്റെ പുനഃസംഘടന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. തിലോത്തമൻ<br>" വി.എസ്. സുനിൽ കുമാർ<br>ശ്രീമതി ഇ.എസ്. ബിജി മോൾ<br>ശ്രീ. ഏ.കെ ചന്ദ്രൻ<br>" മാങ്കോട് രാധാകൃഷ്ണൻ | ശ്രീ. എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി ബോർഡ് പുനഃസംഘടിപ്പിച്ച് കമ്പനിയാക്കാൻ നിയമിച്ച ഉന്നതാധികാരസമിതിയുടെ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ;<br><br>(ബി) ഈ ശുപാർശകൾ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ഈ ശുപാർശകളുടെ അടിസ്ഥാനത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ;<br><br>(സി) ഉത്പാദനം, പ്രസരണം, വിതരണം എന്നിവ ഉൾപ്പെടുത്തി ഒറ്റക്കമ്പനി എന്ന ശുപാർശ ഉണ്ടായിട്ടുണ്ടോ? | (എ) ബി) & (സി) വിദഗ്ദ്ധ സമിതി കെ.എസ്.ഇ.ബി യെ ഇൻഡ്യൻ കമ്പനീസ് ആക്ട് പ്രകാരം പുനഃസംഘടിപ്പിക്കാനും 100% ഗവൺമെന്റ് ഓഹരിയോടുകൂടി ഒറ്റക്കമ്പനിയായി നിലനിർത്താനും നിർദ്ദേശിച്ചിരുന്നു. വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശം ഗവൺമെന്റ് പരിശോധിക്കുകയും റിപ്പോർട്ട് തത്വത്തിൽ അംഗീകരിക്കുകയും ചെയ്തു. അതനുസരിച്ച് ഇൻഡ്യൻ കമ്പനീസ് ആക്ട് പ്രകാരം, കെ.എസ്.ഇ.ബി യെ പൊതുമേഖലാസ്ഥാപനമായി നിലനിർത്തി കൊണ്ട് പുനഃസംഘടിപ്പിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. "കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്" എന്ന പേരിൽ കമ്പനി രജിസ്റ്റർ ചെയ്യാനുള്ള നടപടി സ്വീകരിച്ചു വരുന്നു. വൈദ്യുതി മേഖലയെ വിഭജിക്കാതെ സർക്കാർ ഉടമസ്ഥതയിലുള്ള ഒറ്റക്കമ്പനി ആയി നിലനിർത്താനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 144 15..09..2009 ൽ മറുപടിയ്ക്ക്

## സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. പി. മോഹനൻ<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ<br>ശ്രീ. എം. കെ. പ്രേംനാഥ് | ശ്രീ.എ.കെ.ബാലൻ<br>(പട്ടികസമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;<br><br>(ബി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ? | (എ) & (ബി)<br>നിയോജക മണ്ഡലങ്ങളുടെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കുകയും എം.എൽ.എ ഫണ്ട്, എം.പി. ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം, ഗ്രാൻറ്-ഇൻ-എയ്ഡ്, സർക്കാർ വകുപ്പുകളുടെ പ്രത്യേക പദ്ധതി ഫണ്ടുകൾ എന്നിവ ലഭ്യമാക്കി പണി ഏറ്റെടുക്കുകയുമാണ് ചെയ്യുന്നത്. എം.എൽ.എ. മാരുടെ നേതൃത്വത്തിൽ തയ്യാറാക്കുന്ന മാസ്റ്റർ പ്ലാൻ അനുസരിച്ചാണ് ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നത്. എസ്റ്റിമേറ്റിൻെറ പകുതി തുക ,പരമാവധി 1 കോടി രൂപ വരെ കെ.എസ്.ഇ.ബി. യുടെ നോർമൽ ഡവലപ്മെൻറ് ഫണ്ടിൽ നിന്നും വഹിക്കുന്നു. 10 മെഗാവാട്ടിലധികം വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ജലവൈദ്യുതി പദ്ധതികളുള്ള മണ്ഡലങ്ങളിൽ അക്കാര്യം കണക്കിലെടുത്ത് സമ്പൂർണ്ണ വൈദ്യുതീകരണത്തിന് കൂടുതൽ തുക അനുവദിക്കാനും കെ.എസ്.ഇ.ബി. നിശ്ചയിച്ചിട്ടുണ്ട്.<br>ഇരിങ്ങാലക്കുട, മങ്കട, കൊടകര, കുഴൽമന്ദം, തലശ്ശേരി, ആലപ്പുഴ, കല്ലൂപ്പാറ, കൊല്ലം, നാട്ടിക, ചേലക്കര, ഗുരുവായൂർ എന്നീ 11 നിയോജക മണ്ഡലങ്ങൾ സമ്പൂർണ്ണ വൈദ്യുതീകരണം കൈവരിച്ചു. വിവിധ മണ്ഡലങ്ങളിലെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങളുടെ നിലവിലുള്ള സ്ഥിതി അനുബന്ധമായി നൽകുന്നു. |

S. Mukathy
സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

## പന്ത്രണ്ടാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

* നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 146 — 15.09.2009-ൽ മറുപടിക്ക്

### കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. വി. ശശികുമാർ<br>ശ്രീ. വി.ജെ.തങ്കപ്പൻ | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തുള്ള കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമത്തിനായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) കുടിയേറ്റ തൊഴിലാളികൾക്ക് നിലവിലുള്ള തൊഴിൽ നിയമങ്ങൾ ഉറപ്പുനൽകുന്ന പരിരക്ഷ കൂടാതെ തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ ആരോഗ്യവകുപ്പിലെ ഡോക്ടർമാരുടെ സഹകരണത്തോടെ മെഡിക്കൽ ക്യാമ്പുകൾ നടത്തി, രോഗ നിർണ്ണയം നടത്തി, സൗജന്യമായി മരുന്നു വിതരണം ചെയ്യുന്നു. ഇതിനു പുറമെ കുടിയേറ്റ തൊഴിലാളികൾക്കായി ഒരു ക്ഷേമ പദ്ധതി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിലേക്കായി 10 കോടി രൂപ അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് എത്ര കുടിയേറ്റ തൊഴിലാളികൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇവരുടെ സർവ്വേ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) സംസ്ഥാനത്തെ കുടിയേറ്റ തൊഴിലാളികളുടെ എണ്ണം കണ്ടെത്തുന്നതിനായി തൊഴിൽ വകുപ്പ് ഒരു സർവ്വെ നടത്തി വരുന്നുണ്ട്. അത് പൂർണ്ണമായിട്ടില്ല. |
| (സി) കുടിയേറ്റ തൊഴിലാളികൾക്കായി ക്ഷേമനിധി രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ; | (സി) സംസ്ഥാനത്തെ കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമത്തിനായി പത്തു കോടി രൂപ വകയിരുത്തുമെന്ന് ബഹു. ധനകാര്യ വകുപ്പ് മന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഈ വിഭാഗത്തിനായി ഒരു ക്ഷേമ പദ്ധതി രൂപീകരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (ഡി) കുടിയേറ്റ തൊഴിലാളികളെ കരാറുകാർ ചൂഷണം ചെയ്യുന്നതും ചികിത്സ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നിഷേധിക്കുന്നതും തടയുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) സംസ്ഥാനത്ത് കോൺട്രാക്ടർമാർ മുഖേന ജോലിക്കായി എത്തിച്ചേരുന്ന അഞ്ചോ അതിൽ കൂടുതലോ തൊഴിലാളികൾക്ക് 1979 ലെ അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി (തൊഴിൽ നിയന്ത്രണവും സേവന വ്യവസ്ഥകളും) നിയമത്തിന്റെ പരിരക്ഷ ലഭിക്കുന്നുണ്ട്. എന്നാൽ അന്യസംസ്ഥാന തൊഴിലാളികളിൽ നല്ലൊരു വിഭാഗം സ്വമേധയാ ജോലിക്കായി എത്തിച്ചേരുന്നവരാണ്. ഇവർക്ക് മിനിമം വേതനം ഉൾപ്പെടെയുള്ള എല്ലാ നിയമാനുസൃത ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ടെന്ന് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരുടെ പരിശോധനയിൽ ഉറപ്പു വരുത്തുന്നുണ്ട്. |

Vijayan

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 146 | 15-09-2009 -ൽ മറുപടിക്ക്.

## മദ്യാസക്തിമൂലമുള്ള സാമൂഹ്യ വിപത്തുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ പി. കെ. അബ്ദുറബ്ബ്<br>" കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) കേരളത്തിൽ ശരാശരി മദ്യഉപഭോഗം വർദ്ധിച്ചുവരുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) മദ്യഉപഭോഗം ഗവണ്മെന്റ് കണക്കനുസരിച്ച് വർദ്ധിച്ചിട്ടുണ്ട്. എന്നാൽ അതിനു കാരണമായിട്ടുള്ളത് വ്യാജമദ്യത്തിനെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതുകൊണ്ടാണ്. |
| (ബി) മദ്യാസക്തി വർദ്ധിച്ച് വരുന്നതു മൂലമുണ്ടാകുന്ന സാമൂഹ്യ വിപത്തുകളെ തടയുവാനും മദ്യവർജ്ജന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും, തദ്ദേശസ്ഥാപനങ്ങൾക്ക് മദ്യ നിരോധനത്തിന് ഉണ്ടായിരുന്ന അധികാരം പുന:സ്ഥാപിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) മദ്യവർജ്ജന ക്യാമ്പയിനുകൾ താരതമ്യേന മെച്ചപ്പെട്ട നിലയിൽ സംഘടിപ്പിക്കുന്നുണ്ട്. മദ്യനിരോധനത്തിനുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അധികാരം വിനിയോഗിച്ചിട്ടില്ല. |

സെക്ഷൻ ആഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

* നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 147 — 15.09.2009-ൽ മറുപടിക്ക്

### തൊഴിലാളി യൂണിയനുകളുടെ ബാഹുല്യം തടയുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. കെ. കെ. ദിവാകരൻ<br>ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. കെ. സി. രാജഗോപാലൻ<br>ശ്രീ. വി.എൻ. വാസവൻ | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ അംഗീകൃത തൊഴിലാളി യൂണിയനുകളുടെ ബാഹുല്യം തടയുന്നതിന് നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട് |
| (ബി) ഇതിനായുള്ള ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; | (ബി) " കേരള ട്രേഡ് യൂണിയനുകളുടെ അംഗീകരണം ബിൽ " സംസ്ഥാന നിയമസഭയിൽ അവതരിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. |
| (സി) ഏതെല്ലാം മേഖലയിലെ തൊഴിലാളി യൂണിയനുകളാണ് നിയമത്തിന്റെ പരിധിയിൽ വരുന്നത്;<br>(ഡി) തൊഴിലാളി യൂണിയനുകളുടെ ബാഹുല്യം തടയുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നിർദ്ദിഷ്ട ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ? | (സി) & (ഡി) 1947 ലെ വ്യവസായ തർക്കങ്ങൾ ആക്റ്റ് പ്രകാരം കേന്ദ്ര സർക്കാർ സമുചിത സർക്കാരായിട്ടുള്ള വ്യാവസായിക സ്ഥാപനങ്ങളൊഴികെ കേരളത്തിൽ സ്ഥിതി ചെയ്യുന്ന അൻപതോ അതിലധികമോ തൊഴിലാളികൾ തൊഴിലെടുക്കുന്ന എല്ലാ വ്യാവസായിക സ്ഥാപനങ്ങളിലെയും ട്രേഡ് യൂണിയനുകളെയാണ് ഈ ബില്ലിന്റെ പരിധിയിൽ വരുത്താൻ ഉദ്ദേശിക്കുന്നത്. ബില്ല് നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ആഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 148

15.09.2009 - ൽ മറുപടിയ്ക്ക്

## കാർഷിക മേഖലയുടെ വികസനത്തിനു നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. വി. സുരേന്ദ്രൻ പിള്ള :** | | **ശ്രീ.ജി.സുധാകരൻ (സഹകരണവും കയറും വകുപ്പു മന്ത്രി)** |
| (എ) കാർഷിക മേഖലയുടെ വികസനത്തിന് സഹകരണ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു; | (എ) & (ബി) | കർഷക ആത്മഹത്യ ഇല്ലാതാക്കുന്നതിനും കടക്കെണിമൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കാർഷിക കടം എഴുതിതള്ളുന്നതിനും നടപടി സ്വീകരിച്ചു. എല്ലാ ജില്ലകളിലും കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പാ വിതരണം ചെയ്യുന്നതിനും മതിയായ തോതിൽ നബാർഡ് റീഫിനാൻസ് ലഭിക്കാത്ത സാഹചര്യത്തിൽ സംഘങ്ങൾ/ ബാങ്കുകളുടെ സ്വന്തം ഫണ്ടിൽ നിന്നും കാർഷിക വായ്പ വിതരണം ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാർഷിക വായ്പ വിതരണം ചെയ്യാത്ത സംഘങ്ങൾ/ ബാങ്കുകൾക്കെതിരെ നിയമാനുസൃത നടപടികൾ കൈക്കൊണ്ട് അത്തരം സംഘങ്ങളെ കാർഷികേതര സഹകരണ സംഘമായി തരംതിരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നെല്ലുൽപാദനം വർദ്ധിപ്പിക്കുന്നതിനും, നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി പലിശ രഹിത വായ്പാ പദ്ധതി നടപ്പിലാക്കി. സംസ്ഥാനത്തെ ഭക്ഷ്യോൽപാദനം വർദ്ധിപ്പിക്കുന്നതിന് സമഗ്രമായ ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പിലാക്കി വരുന്നു. തൊഴിലാളികളുടെ ലഭ്യത |
| (ബി) വിശദാംശം നൽകുമോ ; | | |

കുറവുള്ള സ്ഥലങ്ങളിൽ യഥാസമയം കൊയ്ത്ത് നടത്തുന്നതിനും വിള നഷ്ടം സംഭവിക്കാതിരിക്കുന്നതിനും കൊയ്ത്ത് യന്ത്രം വാങ്ങുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ഹ്രസ്വകാല കാർഷിക സ്വർണ്ണപ്പണയ വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കർഷകർക്കായി കേന്ദ്ര/സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിക്കുന്ന ആശ്വാസ പദ്ധതികൾ യഥാസമയം കാര്യക്ഷമമായി നടപ്പാക്കി വരുന്നു. സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന കാർഷിക അനുബന്ധ തൊഴിലുകൾക്കും കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നതിനും വിവാഹം കഴിഞ്ഞ നവദമ്പതികൾക്ക് വരുമാന വർദ്ധനവിന്/ഉപജീവനമാർഗ്ഗത്തിന് ഉപകരിക്കുന്നതിന് പച്ചക്കറി കൃഷി ചെയ്യുന്നതിന് കാർഷിക വായ്പ നൽകുന്നതിന് മംഗല്യസൂത്ര കാർഷിക വായ്പകൾ നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ പ്രവർത്തന രഹിതമായ പ്രദേശങ്ങളിൽ ജില്ലാ സഹകരണ ബാങ്കുകൾ മുഖേന നേരിട്ട് കാർഷിക വായ്പ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

| | | |
|---|---|---|
| (സി) കാർഷിക വായ്പ എടുത്തവർ കൃത്യമായി തിരിച്ചടച്ചാൽ എന്തെങ്കിലും ഇളവ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ? | (സി) | നെൽകൃഷിക്കുള്ള പലിശ രഹിത വായ്പാ പദ്ധതിയിൽ വിതരണം ചെയ്യുന്ന കാർഷിക വായ്പകളുടെ പലിശ ബാദ്ധ്യത സർക്കാർ വഹിക്കുന്നു. ആയതിനാൽ കർഷകർക്ക് മുഴുവൻ പലിശ ഇളവും ലഭിക്കുന്നു. കൂടാതെ രണ്ടു ഹെക്ടർ വരെ ഭൂമിയുള്ളവരും സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും 25,000/- രൂപ വരെയുള്ള കാർഷിക വായ്പകൾ എടുത്തിട്ടുള്ള തുമായ |

കർഷകർക്ക് അവർ എടുത്തിട്ടുള്ള വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്ന സാഹചര്യത്തിൽ വായ്പാ തുകയുടെ 5% അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കോസ്റ്റ് റിലീഫ് ഇനത്തിൽ അശ്വാസമായി സർക്കാർ അനുവദി ക്കുന്നു. ഈ പദ്ധതി കുറച്ചുകൂടി ആകർഷകമാക്കി പുതുക്കുന്നത് സംബന്ധിച്ച് നടപടികൾ പരിഗണിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 149 — 15-09-2009 ൽ മറുപടിക്ക്

റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടികൾ

| ചോദ്യം:<br>ശ്രീമതി. പി.അയിഷാ പോറ്റി :<br>ശ്രീ.വി.ചെന്താമരാക്ഷൻ :<br>ശ്രീ.പി.ജയരാജൻ :<br>ശ്രീമതി. കെ.കെ.ലതിക : | ഉത്തരം<br>ശ്രീ. ജോസ് തെറ്റയിൽ<br>(ഗതാഗത വകുപ്പുമന്ത്രി) |
|---|---|
| (എ). റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ). റോഡുസുരക്ഷാ കമ്മീഷണർ കേരളമാകെ സൂക്ഷ്മമായി പരിശോധിച്ചു നടത്തിയ സർവ്വേയിൽ 896 അപകട സാദ്ധ്യത കൂടിയ മേഖലകൾ കണ്ടെത്തി അവയിൽ 222 ഓളം മുഖ്യ അപകട മേഖലകളാണ്. ഈ മേഖലകളിൽ സ്പീഡ് ക്രമീകരണം 40 Km/hr ആക്കി. എല്ലാ ജില്ലകളിലും റോഡ് സുരക്ഷാ കൗൺസിലുകൾ ആരംഭിച്ചിട്ടുണ്ട്. അവയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടി എടുത്തുവരുന്നു. സ്കൂളുകളിൽ റോഡ് സുരക്ഷാ ക്ലബ്ബുകളും പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തുടനീളം മോട്ടോർ വാഹന വകുപ്പും, പോലീസ് വകുപ്പും, പൊതുമരാമത്ത് വകുപ്പും, ആരോഗ്യവകുപ്പും സമർപ്പിച്ച വിവിധ റോഡ് സുരക്ഷാപദ്ധതികൾക്ക് ആവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി കൂടി പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുവരുന്നു. |
| (ബി). അതോറിറ്റി രൂപീകരിച്ചതിനു ശേഷം റോഡുസുരക്ഷയുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ ; | (ബി). അതോറിറ്റി രൂപീകരിച്ചതിനുശേഷം സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിനും ഇല്ലാതാക്കുന്നതിനുമായി പല കാര്യങ്ങളും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. അപകട സാദ്ധ്യത കൂടിയ മേഖലകൾ കണ്ടെത്തി, അവിടെ വാണിംഗ് ബോർഡുകൾ, സിഗ്നൽ ലൈറ്റുകൾ തുടങ്ങിയവ സ്ഥാപിക്കുവാൻ നടപടി എടുത്തിട്ടുണ്ട്. റോഡപകടങ്ങളെക്കുറിച്ച് ബോധവാൻമാരാക്കുവാനായി സ്കൂൾ, കോളേജ് തലങ്ങളിൽ റോഡ് സുരക്ഷാ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും റോഡ് സുരക്ഷാ കൗൺസിലുകൾ രൂപപ്പെടുത്തിയിട്ടുണ്ട്. സെമിനാറുകളും ബോധവൽക്കരണ പരിപാടികളും അതോറിറ്റി നടത്തിവരു- |

ന്നുണ്ട്. അപകടം കൂടുതലായി ഉണ്ടാകുന്ന സ്ഥലങ്ങളിൽ പോലീസ് ഹൈവേ പട്രോളിനെ കൂടുതലായി ഉപയോഗിക്കുവാൻ തീരുമാനമായിട്ടുണ്ട്. ചരക്കു ഗതാഗതം നാഷണൽ ഹൈവേകളിൽ നിന്നും ഒഴിവാക്കി ജലപാത ഉപയോഗപ്പെടുത്തുവാൻ വേണ്ട നടപടികൾ സർക്കാർ പരിഗണനയിലുണ്ട്. കണ്ടെയ്നർ വാഹനങ്ങളുടെ ഗതാഗതം പകൽ സമയത്ത് നിരോധിയ്ക്കുവാനും തീരുമാനമായിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന് എല്ലാ ജില്ലകളിലും ഡ്രൈവിംഗ് സിമുലേറ്ററുകൾ വാങ്ങുന്നതിന് തുക അനുവദിച്ചു. ബ്രെത്ത് അനലൈസർ വാങ്ങുന്നതിന് പോലീസ് വകുപ്പിന് അഞ്ച് ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ട്രോമാ കെയറിനു വേണ്ടി ആരോഗ്യ വകുപ്പ് സമർപ്പിച്ച പദ്ധതി പരിഗണിച്ചുവരുന്നു.

(സി). റോഡ് സുരക്ഷാ അതോറിറ്റി നിയമപ്രകാരം ജില്ലാ റോഡുസുരക്ഷാ കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ ;

(സി). എല്ലാ ജില്ലകളിലും റോഡ് സുരക്ഷാ കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ട്.

(ഡി). സംസ്ഥാനത്ത് റോഡപകടസാദ്ധ്യത കൂടുതലുള്ള സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത സ്ഥലങ്ങളിൽ അപകടസാദ്ധ്യത ഇല്ലാതാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി).സംസ്ഥാനത്തുടനീളം പരിശോധന നടത്തി അപകട സാദ്ധ്യത കൂടിയ 896 സ്ഥലങ്ങൾ റോഡ് സുരക്ഷാ അതോറിറ്റി കണ്ടെത്തിയിട്ടുണ്ട്. ഈ സ്ഥലങ്ങളിൽ വാണിംഗ് ബോർഡുകൾ, സിഗ്നൽ ലൈറ്റുകൾ എന്നിവ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഈ ഭാഗങ്ങളിൽ സ്പീഡ് 40 കി.മീ ആയി കുറയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. മുഖ്യ അപകട സാദ്ധ്യത മേഖലകളിൽ വൈകുന്നേരം 3 മണി മുതൽ 7 വരെ സ്ഥിരമായി ട്രാഫിക് പോലീസുകാരനെ സിഗ്നൽ ബാറ്റൺ സഹിതം സ്പീഡ് നിയന്ത്രിക്കുന്നതിനായി നിയമിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. ഈ രീതിയിൽ അപകടം കുറയ്ക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ). റോഡപകടങ്ങളിൽപ്പെടുന്ന ആളുകൾക്ക് മോട്ടോർ വാഹന ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാത്ത കേസ്സുകളിൽ സഹായം നൽകുന്നതിനുള്ള ചുമതല റോഡുസുരക്ഷ അതോറിറ്റിക്കു നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

(ഇ). ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 150 15.09.2009-ലെ മറുപടിക്ക്.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ക്ഷേമനിധി ബോർഡുകൾ ഏകോപിപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>ശ്രീ. കെ. കുഞ്ഞിരാമൻ | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതും ദുർബ്ബലവുമായ ക്ഷേമ നിധി ബോർഡുകളും, ക്ഷേമനിധി പദ്ധതികളും ഏകോപിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (എ) പരിശോധിച്ചുകൊണ്ടിരിക്കുന്നു. |
| (ബി) ഇതു സംബന്ധിച്ചു പഠിക്കുന്നതിന് നിയോഗിച്ചിരുന്ന സമിതിയുടെ റിപ്പോർട്ട് സർക്കാരിനു ലഭിച്ചിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) എങ്കിൽ റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണ്;<br><br>(ഡി) റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; | (സി & ഡി) ബാധകമല്ല. |
| (ഇ) സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ക്ഷേമനിധി ബോർഡുകളെ സഹായിക്കുന്നതിന് പ്രത്യേക സാമ്പത്തിക സഹായം നൽകാൻ നടപടി സ്വീകരിക്കുമോ ? | (ഇ) സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ക്ഷേമനിധി ബോർഡുകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള ബാധ്യത സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ